
# ബൈബിൾ
# ട്രൂത്



# ALMOST FREE !

## Excellent Christian Literature

You can receive 20 books (english) worth Two hundred rupees for rupees Twentyfive only. Good for preachers, teachers and students of the Bible

Also available are 20 books in Hindi just for rupees fifteen only.

All books are mailed free of charge. Your M. O. should be addressed to,

THE BIBLE TEACHER

C–22 N. D. S. E.2

New Delhi-110049

# ബൈബിൾ ട്രൂത്ത്

Editors

P. K. VARGHESE  J. C. CHOATE

***  ***  ***

Published by church of christ

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

Vol. 3  June 1989  No. 3

## എഡിറ്റോറിയൽ

മതം സ്ത്രീകൾക്കു സ്വാതന്ത്ര്യം നിഷേധിച്ചിരിക്കുന്നു എന്ന ഒരു ധാരണ പരന്നിട്ടുണ്ട്. പുരുഷന്മാർക്കൊപ്പം സ്ത്രീകൾക്ക് എല്ലാ തുറയിലും അവസരങ്ങൾ നല്കുന്നില്ല എന്ന പരിഭവം നിലനില്ക്കുന്നു. അതുകൊണ്ടാണോ എന്നറിഞ്ഞുകൂടാ ചില വിഭാഗങ്ങളിൽ സ്ത്രീകൾക്കു പൗരോഹിത്യം നല്കി അവരെ ഉയർത്തുന്നുണ്ട്. ബൈബിളിൽ സ്ത്രീകളെ ഒരിക്കലും തരം താഴ്ത്തുകയോ അടിമകളാക്കി വെക്കുകയോ ചെയ്യണമെന്ന് ആവശ്യപ്പെട്ടിട്ടില്ല. എന്നാൽ പഴയ നിയമ പൗരോഹിത്യത്തിനു തന്നെ സ്ഥാനമില്ലായ്കയാൽ പുരുഷന്മാർക്കോ സ്ത്രീകൾക്കോ ഇന്ന് ലേവ്യ പൗരോഹിത്യത്തിന്റെയോ പട്ടം കൊടുക്കലിന്റെയോ ആവശ്യം ഉദിക്കുന്നില്ല. അതു ക്രിസ്തുവിന്റെ സുവിശേഷത്തിനും ക്രിസ്ത്യാനിത്വത്തിനും എതിരായ പാരമ്പര്യമാണ്. പുതിയ നിയമ ക്രിസ്ത്യാനികൾ മാത്രമാണ് യഥാർത്ഥ പുരോഹിതർ. എന്തുദ്ദേശത്തിനു വേണ്ടിയായാലും ദൈവേഷ്ടത്തിന് എതിരായി പ്രവർത്തിക്കുന്നതു പാപമാണ്.

പി. കെ. വർഗീസ്

# ഉപദേഷ്ടാക്കന്മാരോട്

**ജെ. സി. ചോട്ട്**

ഉപദേശിക്കുകയോ പ്രസംഗിക്കുകയോ ചെയ്യുന്ന ഒരു വ്യക്തി മറ്റുള്ളവരോടു ചിലതു പ്രഖ്യാപിക്കുന്നവനാണ്. ക്രിസ്തുവിൽ വിശ്വസിക്കുന്ന ഒരാളോടു ബൈബിൾ പ്രസംഗിക്കുന്നു. അതിൽ ക്രിസ്തു ദൈവപുത്രനാണെന്നസത്യവസ്തുത വെളിപ്പെടുത്തണം. ക്രിസ്തുവിന്റെ സുവിശേഷം, ക്രിസ്ത്യാനിത്വം, ക്രിസ്തുവിന്റെ രണ്ടാം വരവ്, വരുവാനുള്ള ന്യായവിധി, ഭക്തന്മാർക്കു നിത്യഭവനമായ സ്വർഗ്ഗം ദുഷ്ടന്മാർക്കു നിത്യശിക്ഷാവിധിക്കായുള്ള നരകം എന്നിവ ഉൾക്കൊണ്ടിരിക്കുന്നു.

നിർബന്ധത്താൽ ഒരാളും ഒരിക്കലും ഉപദേഷ്ടാവായിത്തീരരുത്. ഒരാളുടെ അറിവോ സമ്മതമോ കണക്കിലെടുക്കാതെ ദൈവം ആരെയും ഉപദേഷ്ടാവായി തിരഞ്ഞെടുക്കുന്നില്ല. സുവിശേഷം പ്രസംഗിക്കുവാൻ വിളിക്കുന്നത് അത്തരത്തിലുള്ള സൂചന നല്കിയശേഷമാണ്. ക്രിസ്ത്യാനിയായിത്തീരുന്നതിന് അഥവാ ദൈവമകനായി, മകളായി തീരുന്നതിനു ദൈവം എല്ലാവരെയും വിളിക്കുന്നത് സുവിശേഷത്താലാണ് അല്ലെങ്കിൽ സുവിശേഷം മുഖാന്തരമാണെന്നു തിരുവെഴുത്തു ചൂണ്ടിക്കാണിക്കുന്നു (2 തെസ്സ 2:14). അങ്ങനെ ക്രിസ്ത്യാനികളായി തീർന്നവരോട് ലോകം മുഴുവൻ പോയി സകല സൃഷ്ടിയോടും സുവിശേഷം പ്രസംഗിപ്പാൻ ദൈവം ആജ്ഞാപിച്ചിരിക്കുന്നു (മർക്കൊസ് 16: 15, മത്തായി 28:19–20). പക്ഷേ നിങ്ങൾ ചിന്തിച്ചേക്കാം, അതു യേശുക്രിസ്തു അപ്പോസ്തലന്മാരോടല്ലേ പറഞ്ഞത് എന്ന്, അതു വാസ്തവമാണ്. എന്നാൽ താൻ കല്പിച്ചതൊക്കെയും പ്രമാണിക്കുവാൻ തക്കവണ്ണം മറ്റുള്ളവരെ ശിഷ്യരാക്കിക്കൊൾവാൻ പറഞ്ഞിട്ടുണ്ട്. ആ കല്പനകളിൽ ഒരു ഭാഗമാണല്ലോ ഭൂലോകത്തിൽ ഒക്കെയും പോയി സുവിശേഷം അറിയിക്കുക എന്നത്. ഒരു ഉപദേഷ്ടാവിന് വേണ്ട മറ്റു യോഗ്യതകളെക്കൂടെ നാം പരിഗണിക്കേണ്ടതാണ്. ഒന്നാമതായി പ്രസംഗിക്കുവാനുള്ള ആഗ്രഹമുണ്ടായിരിക്കണം. മറ്റൊന്ന് അങ്ങനെ ചെയ്യുവാനുള്ള കഴിവുണ്ടായിരിക്കണം. പൂർണ്ണ ആത്മാർത്ഥതയോടെ പ്രസംഗിക്കാനും കഴിയണം, അത് തെളിയിക്കണം, അതായത് താൻ പ്രസംഗിക്കുന്നതു പരിശീലിക്കണം. മുകളിൽ പറഞ്ഞ യോഗ്യതകൾ

ഇല്ലാതെ ഒരാൾക്കു് എങ്ങനെ ദൈവത്താൽ അംഗീകരിക്കപ്പെടുന്ന ഒരു ഉപദേഷ്ടാവാൻ കഴിയും?

ചിലർ പറയാറുണ്ട്, ഞാൻ പ്രസംഗിക്കുമ്പോൾ എന്തു പറയണമെന്ന് പരിശുദ്ധാത്മാവ് പറയും "എന്ന്. ഇവിടെ ദൈവവചനത്തിൽ പറയുന്നതിനു വിരുദ്ധമായിട്ടാണ്. ഇവർ പ്രസംഗിക്കുന്നതെങ്കിൽ അവർ നിരാശരായിത്തീർന്നു എന്നു മാത്രമല്ല. അവരെ നയിക്കുന്ന ആത്മാവ് ഒരിക്കലും ദൈവത്തിന്റേത് ആയിരിക്കുകയില്ല. കാരണം പരസ്പരവിരുദ്ധമായ കാര്യങ്ങളെ ഒരിക്കലും ആത്മാവ് പഠിപ്പിക്കുകയില്ല. തന്റെ വചനം ചില വ്യക്തികൾ മുഖാന്തരം എഴുതുവാൻ ആത്മാവ് അവരെ ശ്വാസീയമാക്കി. അതിനാലാണ് പൗലോസ് എല്ലാ തിരുവെഴുത്തും ദൈവശ്വാസീയമത്രേ" എന്നു പറഞ്ഞത് (2 തിമൊ.3:16,17). ഒരുവൻ പ്രസംഗിക്കുന്നുവെങ്കിൽ അവൻ ദൈവത്തിന്റെ അരുളപ്പാട് സംസാരിക്കണമെന്ന് അപ്പോസ്തലനായിരുന്ന പത്രോസ് പ്രസ്താവിക്കുകയുണ്ടായി (1 പത്രോസ് 4:11). വചനം സംസാരിക്കണമെന്നാണ് പൌലോസ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇപ്പോൾ നിങ്ങൾക്കെന്തു തോന്നുന്നു? ദൈവ വചനത്തിലില്ലാത്തതോ, വചനത്തിനപ്പുറമായോ എന്തെങ്കിലും ആത്മാവ് ഉച്ചരിക്കുവാൻ ആരെയെങ്കിലും നിർബന്ധിക്കുമോ? ദൈവാത്മാവ് വൈപരീത്യമുളവാക്കുന്നില്ല.

പരിശുദ്ധാത്മാവ് ഓരോരുത്തർക്കും നേരിട്ട് സംസാരിക്കാനുള്ളത് വെളിപ്പെടുത്തികൊടുക്കുവാനായിരുന്നു പ്ളാനെങ്കിൽ പിന്നെ എന്തിന് ദൈവവചനം എഴുതുവാനും ലോകത്തിൽ എങ്ങും പ്രചരിപ്പിക്കുവാനും ആവശ്യപ്പെട്ടു? ദൈവവചനം പഠിക്കുവാനുള്ള അലസതയാണ് അങ്ങനെയുള്ളവരെക്കൊണ്ട് ഇപ്രകാരമുള്ള മുടന്തൻ ന്യായത്തിൽ നില്ക്കുവാൻ പ്രേരിപ്പിക്കുന്നത്. ഉദാസീനരായ ഉപദേഷ്ടാക്കന്മാരെയല്ല ദൈവത്തിനാവശ്യം, ഊർജ്ജസ്വലരായ പ്രവർത്തകരെയാണ്. അവന്റെ വചനം ശരിയായി പഠിക്കുന്നതിനും ശരിയായി വിഭജിക്കുന്നതിനും എല്ലാവരോടും അവൻ ആവശ്യപ്പെട്ടിട്ടുണ്ട് (2 തിമൊ 2:15). എന്റെ സ്നേഹിതനായ ഉപദേഷ്ടാവേ ദൈവേഷ്ടം അറിയുവാനുള്ള ഏകവഴി ബൈബിൾ പഠനം മൂലമാണ്. ബൈബിൾ പഠിക്കാതെയാണ് നിങ്ങൾ പ്രസംഗിക്കുന്നതെങ്കിൽ, നിങ്ങൾ നിങ്ങളുടെ കാഴ്ച്ചപ്പാടനുസരിച്ച്, ഉള്ളിൽ തോന്നുന്നതനുസരിച്ച് പ്രസംഗിക്കുന്നു. അപ്പോൾ നിങ്ങൾ പ്രസംഗിക്കുന്നത് സത്യമാകയില്ല കാരണം ദൈവ വചനം മാത്രമാണ് സത്യമായിട്ടുള്ളത് ദൈവത്താൽ നൽകപ്പെട്ട തിരുവെഴുത്തു അറിയാതെ നിങ്ങൾ പ്രസംഗിക്കുന്നുവെങ്കിൽ നിങ്ങളുടെഅറിവനുസരിച്ചാണ് അതു ചെയ്യുന്നത്. സത്യം നിങ്ങൾ അറിയാതെ ദൈവേഷ്ടത്തിന്റെ സത്യം നിങ്ങൾക്കു പ്രസംഗിക്കാൻ കഴികയില്ല. ദൈവത്തിന്റെ സത്യമായ ഉദ്ദേശം വെളിപ്പെടുത്തുവാൻ ഒരു പ്രത്യേക വെളിപ്പാട് ദൈവം നല്കുകയില്ല,

തിരുവെഴുത്തുകളെ ശോധനചെയ്യുവാൻ നമ്മോടു ദൈവം ആവശ്യപ്പെട്ടിട്ടുണ്ട് (യോഹ5:39) ഒരു ക്രിസ്ത്യൻ കോളേജിൽ ചേർന്നു പഠിച്ചില്ലെങ്കിലും നിങ്ങൾക്കു ദൈവവചന പ്രസംഗം നടത്താം. ഒരു സെമിനാരിയിലും പോകാതെ തന്നെ അതു ചെയ്യുവാൻ കഴിയും. എന്നാൽ നിങ്ങൾ സ്വയമായി ഒരു ക്രിസ്ത്യാനിയായി തീരാതെ നിങ്ങൾക്ക് ദൈവപ്രസാദമുള്ള ഒരു ഉപദേഷ്ടാവ് ആകുവാൻ സാദ്ധ്യമല്ല. മറെറാരർത്ഥത്തിൽ പറഞ്ഞാൽ നിങ്ങൾക്കു അനുസരിക്കുവാൻ മനസില്ലാത്തതായ സുവിശേഷം മററുള്ളവരെ അനുസരിപ്പാൻ പ്രസംഗിച്ചാൽ അതിൽ വിജയിക്കുകയില്ല. ഇനി ക്രിസ്ത്യാനിയായിതീർന്നശേഷം യഥാർത്ഥ ക്രിസ്തീയ ജീവിതം നയിക്കാതെ പ്രസംഗിച്ചു നടന്നാലും അതുകൊണ്ട് യാതൊരു ഫലവുമില്ല. നിങ്ങൾ പറയുന്നതുപോലെ പ്രവർത്തിക്കാത്തതിനാൽ ആത്മാർത്ഥതയില്ല എന്ന് ആളുകൾക്ക് മനസിലാക്കാൻ അധികനാൾ വേണ്ടിവരികയില്ല. അതു എവിടെയും വാസ്തവമാണ്. നമുക്ക് ചുററുമുള്ള ആളുകൾ എപ്പോഴും നമ്മെ സൂക്ഷിക്കുന്നുണ്ടായിരിക്കാം.

അപ്പൊസ്തലനായിരുന്ന പൌലോസ് ഈ തത്വം പഠിപ്പിച്ചിട്ടുണ്ട്. 'ഹേ അന്യനെ ഉപദേശിക്കുന്നവനേ, നീ നിന്നെതന്നെ ഉപദേശിക്കാത്തതു എന്തു? മോഷ്ടിക്കരുതു എന്നു പ്രസംഗിക്കുന്ന നീ മോഷ്ടിക്കുന്നുവോ? വ്യഭിചാരം ചെയ്യരുതു എന്നു പറയുന്ന നീ വ്യഭിചാരം ചെയ്യുന്നുവോ? വിഗ്രഹങ്ങളെ വെറുക്കുന്ന നീ ക്ഷേത്രം കവർച്ച ചെയ്യുന്നുവോ? ന്യായപ്രമാണത്തിൽ പ്രശംസിക്കുന്ന നീ ന്യായപ്രമാണലംഘനത്താൽ ദൈവത്തെ അപമാനിക്കുന്നുവോ? 'നിങ്ങൾ നിമിത്തം ദൈവത്തിന്റെ നാമം ജാതികളുടെ ഇടയിൽ ദുഷിക്കപ്പെടുന്നു (റോമർ 2:21–24)' മോശയുടെ ന്യായപ്രമാണത്തിൽ നിലനിന്നിരുന്ന ആളുകളെ ഉദ്ദേശിച്ചാണ് പറയുന്നതെങ്കിലും, ക്രിസ്തുവിന്റെ സുവിശേഷത്തിലും, ക്രിസ്ത്യാനിത്വത്തിലും ഇതു ബാധകമാണ്.

ചില യുവാക്കൾ ഉപദേഷ്ടാക്കന്മാരാകാൻ ആഗ്രഹിക്കുന്നുണ്ട്. ഉപജീവനത്തിന് അതൊരു എളുപ്പമാർഗ്ഗമായി അവർ കരുതുന്നു. വിദേശികളുമായി ബന്ധപ്പെടുന്നതിനും നേട്ടമുണ്ടാക്കുന്നതിനും ശ്രമിക്കുകയാണവർ. വിദേശത്തുപോയി ട്രെയിനിംഗ് നടത്തുവാനും വിദേശവരുമാനമുണ്ടാക്കുന്നതിനും മുതിരുകയാണ് അവരുടെ ലക്ഷ്യം. ഇവയെല്ലാം ഒരു ഉപദേഷ്ടാവായി തീരുവാനുള്ള തെററായിട്ടുള്ള ഉദ്ദേശങ്ങളാണ്. അത്തരം ആഗ്രഹത്തോടെയാണ് നിങ്ങൾ ഒരു സുവിശേഷ പ്രവർത്തകനായതെങ്കിൽ അതുവിട്ടുകളയുക. കാരണം അതുപോലുള്ള ഒരു ഉപദേഷ്ടാവാകുവാനല്ല നമ്മെക്കുറിച്ച് ദൈവം പദ്ധതിയൊരുക്കിയിരിക്കുന്നത്.

(ശേഷം 26-ാം പേജിൽ)

# സഭകളും സഭാദ്ധ്യക്ഷൻമാരും

ജെ. ഫ്രാൻസിസ്, പൂന്തുറ

(കഴിഞ്ഞലക്കം തുടർച്ച)

4. ആ നിയമം ശാപമായിരുന്നു. നമ്മെ ആ ശാപത്തിൽ നിന്നു വീണ്ടെടുക്കപ്പെട്ടു. (ഗലാ:3:13)

5. അതിനെ കുരിശിനോടു തറക്കപ്പെട്ടുവെന്നു പൗലോസ് പറയുന്നു. (കൊലൊ: 2:14)

6. ക്രിസ്തുവിന്റെ ശരീരത്താൽ നാം ന്യായ പ്രമാണത്തോടു മരിച്ചിരിക്കുന്നു. (റോമ:7:1-4)

7. ന്യായപ്രമാണത്താൽ നീതീകരിക്കപ്പെട്ടവർ ക്രിസ്തുവിൽനിന്നു അകന്നതിനാൽ കൃപയിൽ നിന്നു വീണുപോയി. (ഗലാ:5:4)

പത്തുകല്പനകൾ ഇന്നും പ്രാബല്യത്തിൽ ഉണ്ടെന്നു പറയുന്ന ലൂതറൻസ് ആ കല്പനകളിലെ ഒരു ഭാഗമായ ഏഴാം ദിവസത്തെ ശബത്തായി എന്തുകൊണ്ടു ആചരിക്കുന്നില്ല?

IV ആഴ്ചയുടെ ആദ്യദിവസം ഇപ്പോഴും ശബത്ത് ആകുന്നു വെന്നു അവർ പഠിപ്പിക്കുന്നു.

ക്രിസ്തീയ കാലത്ത് കർത്താവിന്റെ ദിവസമായിട്ടാണു ബൈബിളിൽ കാണുന്നത്.

1. ബൈബിളിൽ ആഴ്ചയുടെ ഏഴാംദിവസമാണു ശാബത്ത്. (പുറ:20:8-11)

2. ആഴ്ചയിലെ ഒന്നാംദിവസം കർത്താവിന്റെ ദിവസമാകുന്നു. (മത്താ:28:1-10; യോഹ:20:19-29; അ: പ്ര:20:7; 1 കൊരി: 16:1, 2; വെളി:1:10)

V ലൂതറിന്റെ പേരു സഭവഹിക്കണമെന്നു അവർ നിർബന്ധിക്കുന്നു.

ബൈബിൾ പറയുന്നത്—

1. ആദമും ഭാര്യയും അതേപേരു മാത്രമേ അവസാനം വരെ വഹിച്ചുള്ളൂ. (ഉല്പ:5:2)

2. ആദം ക്രിസ്തുവിന്റെ പ്രതീകം ആയിരുന്നു.(റോമ:5:14)
3. ആദാമിന്റെ ഭാര്യ സഭയാകുന്ന ക്രിസ്തുവിന്റെ ഭാര്യയുടെ പ്രതീകമാകുന്നു.

4. ആദവും ഭാര്യയും അവസാനംവരെ ഒരേ പേരാണ് വഹിച്ചിരുന്നത്. അതിനാൽ ക്രിസ്തുവും അവന്റെ ഭാര്യയും അതേ പേരുകൾ തന്നെ അവസാനംവരെ വഹിക്കണം.

5. രക്ഷയെരുശലേമിൽ നിന്നുവരുമ്പോഴും ജാതികൾ അവന്റെ നീതിയെ കാണുമ്പോഴും ക്രിസ്തുവിന്റെ സേവകർക്കു പുതിയ പേർ നൽകപ്പെടുമെന്നു പ്രവചിക്കപ്പെട്ടു. (യെശ: 62:1,2)

6. പ്രവചനം പൂർത്തീകരിക്കപ്പെട്ടു.
a. രക്ഷയെരുശലേമിൽ നിന്നു പുറപ്പെട്ടു. (അ: പ്ര: 2: 1–47; ലൂക്കൊ 24:47)
b. ജാതികൾ അവന്റെ നീതിയെ കണ്ടു. (അ: പ്ര: 10: 1–48; 11:1)
c. ഈ രണ്ടു കാര്യങ്ങളും സംഭവിച്ചപ്പോൾ ക്രിസ്ത്യാനിയെന്ന പുതിയ പേരു നൽകപ്പെട്ടു. (അ : പ്ര: 11:25, 26)
d. ക്രിസ്ത്യാനിയെന്ന പേരു അർത്ഥമാക്കുന്നതു ക്രിസ്തുവിനെ സ്വന്തമാക്കിയവൻ എന്നാണ്.

7. ക്രിസ്തുവിനെ അനുകരിക്കുന്നവർ ആ പേരു വഹിച്ചിരിക്കുന്നുവെന്നു അഗ്രിപ്പാരാജാവ് അറിഞ്ഞു. (അ: പ്ര: 26:28)
8. ക്രിസ്തുവിന്റെ നാമത്തിൽ കഷ്ടം സഹിക്കുന്നതിനു പത്രോസ് നമ്മോടു പറയുന്നു. (1 പത്രോ: 4:16)
9. രണ്ടു ലോകത്തിലും നാം ക്രിസ്തുവിന്റെ പേരു വഹിക്കുന്നു. (വെളി: 22:4)
10. മററു ഒരു പേരിലും രക്ഷ വാഗ്ദാനം ചെയ്യുന്നില്ല.

ലൂഥറൻ സഭ ഉണ്ടാക്കിയ ലൂഥർപോലും അനുയായികളോടും ലൂഥറൻ എന്ന നാമം നൽകരുതെന്നും, ക്രിസ്ത്യാനിയെന്ന നാമം നൽകണമെന്നും തന്റെ ജീവിതത്തിൽ ആവശ്യപ്പെട്ടിരുന്നു. ഈ വിവരം മൈക്കളേവ് എഴുതിയ ലൂഥറിന്റെ ജീവിതം എന്ന ഗ്രന്ഥത്തിലെ 262 പേജിൽ വ്യക്തമാക്കിയിരിക്കുന്നു.

VI സ്നാനത്തിന്റെ രീതി ആവശ്യമുള്ളതല്ല എന്നു പറഞ്ഞു

കൊണ്ടു ലൂതറൻ സഭ വെള്ളം തളിക്കുകയോ ഒഴിക്കുകയോ ചെയ്തുകൊണ്ടു സ്നാനം നടത്തുന്നു.

ബൈബിൾ:—

1. ക്രിസ്തു യോർദ്ദാനിൽ സ്നാനം ഏററു കഴിഞ്ഞു വെള്ളത്തിൽ നിന്നു കയറി വന്നു. (മർക്കൊ. 1:9,10)

2. ഒരു ജനനമായി ക്രിസ്തു സ്നാനത്തെ വിളിച്ചു. (യോഹ: 3:5)
3. വെള്ളത്തിലേക്കു ഇറങ്ങി കയറി വരുന്നതിനെയാണു സ്നാനം എന്നു വിളിക്കുന്നതു്. (അ: പ്ര: 8:36–49)

4. കഴുകലായി സ്നാനത്തെ വിളിക്കപ്പെടുന്നു. (അ: പ്ര: 22:16)
5 അടക്കമായി സ്നാനത്തെ വിളിക്കപ്പെടുന്നു. (റോമ: 6:4:)

ലൂതറൻസ് അവരുടെ സ്നാനത്തെ കുറിച്ചുള്ള പഠനങ്ങളിൽ ഇതു എടുത്തു പറയുന്നുവെങ്കിലും ദൈവ വചനങ്ങൾ സ്നാനത്തിന്റെ രീതി എടുത്തുകാണിക്കുന്നില്ലായെന്നുകള്ളമാണു പറയുന്നത്.

6. നടുന്നതായി സ്നാനത്തെ വിളിക്കപ്പെടുന്നു. (റോമ: 6:5)
7. ഉയിർത്തെഴുന്നേല്പായി സ്നാനത്തെ വിളിക്കപ്പെടുന്നു. (കൊലൊ: 2:12)

8. ആത്മീയ പുനർജന്മത്തിന്റെ കഴുകലായി സ്നാനത്തെ വിളിക്കപ്പെടുന്നു. (തീത്തൊ: 3:5)

9. ബാപ്ററിസ്മൊ എന്ന ഗ്രീക്കു പദം വെള്ളത്തിൽ മുക്കുക എന്നാണു അർത്ഥമാക്കുന്നത്.

10. ഒരു സ്നാനം മാത്രമെയുള്ളു. (എഫെ 4:5)

പൗലോസ് സ്നാനത്തെ അടക്കമെന്നും നടലെന്നും ഉയിർത്തെഴുന്നേല്പെന്നും വിളിച്ചു കൊണ്ടു ഒരു സ്നാനം മാത്രമെയുള്ളുവെന്നു വ്യക്തമായി പറയുന്നു.

ബാപ്ററിസ്മൊ എന്ന ഗ്രീക്കു പദം ലൂഥർ തന്നെ എടുത്തു പറയുന്നു. ലത്തീൻ ഭാഷയിൽ ഇതിനെ മുക്കലായി തർജ്ജിമ ചെയ്യാം. നാം എന്തിനെയെങ്കിലും വെള്ളത്തിൽ മുക്കുമ്പോൾ വെള്ളം കൊണ്ടു അതു പൂർണ്ണമായി പൊതിഞ്ഞിരിക്കണമെന്നുള്ളതു നിർബന്ധമാണല്ലോ.

VII കുഞ്ഞുങ്ങളെ സ്നാനപ്പെടുത്തണമെന്നു അവർ നിർബന്ധിക്കുന്നു. അതിനു അവർ പറയുന്ന കാരണങ്ങൾ താഴെ പറയുന്നവയാണ്.

1. നമ്മുടെ കർത്താവായ യേശു ക്രിസ്തു ദൈവ രാജ്യം കുഞ്ഞുങ്ങൾക്കുള്ളതാകുന്നുവെന്നു പ്രഖ്യാപിച്ചിരിക്കുന്നു.

കുഞ്ഞുങ്ങളുടെ സ്നാനത്തെ കുറിച്ചു ക്രിസ്തു ഒന്നും പറഞ്ഞിട്ടില്ല. ദൈവരാജ്യത്തെ ശിശു എന്നപോലെ കൈക്കൊള്ളവിൻ എന്നാണു മർക്കൊ 10:15) വാക്യം പറയുന്നത്. അല്ലാതെ ശിശുക്കളെ സ്നാനപ്പെടുത്തുവാനല്ല.

2. ശിശുക്കളെ എന്റെ അടുക്കൽ വരുവാൻ വിടുവിൻ (മത്താ: 19:14; 28:19,20) അതിനാൽ അവരെ സ്നാനപ്പെടുത്തി പഠിപ്പിച്ചു അവന്റെ അടുക്കൽ വിടണമെന്നാണു അവർ പഠിപ്പിക്കുന്നത്.

കുഞ്ഞുങ്ങളെ ക്രിസ്തുവിന്റെ അടുക്കൽ കൊണ്ടുവരുവാൻ ക്രിസ്തു ഒരിക്കലും തടഞ്ഞിട്ടില്ല. ജീവിതത്തിൽ വേദനിക്കുന്നവരും ഭാരം ചുമക്കുന്നവരും ആശ്വാസത്തിനായി അവന്റെ അടുക്കൽ ചെല്ലുവാനാണു പറഞ്ഞിരിക്കുന്നത്. ഈ ഭാഗങ്ങളിൽ സ്നാനത്തെ കുറിച്ചു യാതൊരു സൂചനകളും ഇല്ല. ഓരോരുത്തരും അവരവരുടെ സ്വന്തഇഷ്ടപ്രകാരം ക്രിസ്തുവിന്റെ അടുക്കൽ പോകണമെന്നാണു ക്രിസ്തു പറഞ്ഞിരിക്കുന്നത്. ആരെയും നിർബന്ധിച്ചു കൊണ്ടുപോകുവാൻ പറയുന്നില്ല.

2. മത്തായിയുടെ 28:19, 20 വാക്യങ്ങൾ ഉദ്ധരിച്ചു കൊണ്ടു സ്നാനം നൽകി പഠിപ്പിക്കണമെന്നാണു അവർ പറയുന്നത്. വിശ്വസിക്കുകയും സ്നാനം ഏല്ക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും. (മർക്കൊ 16:16). വിശ്വസിക്കണമെങ്കിൽ പഠിക്കണം; പഠിക്കണമെങ്കിൽ പഠിപ്പിക്കണം. അപ്പോൾ പഠിപ്പിച്ചു, വിശ്വസിച്ചു, പശ്ചാത്തപിച്ചു കഴിഞ്ഞാലല്ലാതെ സ്നാനം ഏല്ക്കുവാൻ കഴിയുകയില്ലല്ലോ.

3. കുഞ്ഞുങ്ങളെ പഠിപ്പിക്കുവാൻ കഴിയുകയില്ല, അവർക്കു പാപവും ഇല്ല. അതിനാൽ അവർ പശ്ചാത്തപിക്കേണ്ട ആവശ്യവും ഇല്ല. അങ്ങനെയാണെങ്കിൽ മേൽപറഞ്ഞ പ്രകാരം അവരെ സ്നാനപ്പെടുത്തുവാൻ കഴിയുകയില്ലല്ലോ.

3. പഴയ നിയമത്തിൽ കുട്ടികളെ ദൈവത്തിന്റെ വാഗ്ദാനത്തിലേക്കു സ്വീകരിക്കപ്പെട്ടിരുന്നു. പുതിയനിയമത്തിലും അതു പോലെ വാഗ്ദാനം നിനക്കും നിന്റെ മക്കൾക്കുമെന്നു പറഞ്ഞിരിക്കുന്നു (അ: പ്ര: 2:39)

പുതിയ ഉടമ്പടിയിൽ (നിയമത്തിൽ) അവർ കേട്ടിരുന്നു; (റോമ: 10:13–17) വിശ്വസിച്ചിരുന്നു (എബ്രാ: 11:6; മർക്കൊ 16:15, 16)

മാനസാന്തരപ്പെട്ടിരുന്നു. (ലൂക്കൊ 13:3; അ: പ്ര: 17:30) സ്നാനപ്പെടുത്തിയിരുന്നു (മർക്കൊ 16:15, 16; അ: പ്ര: 2:38). നമ്മുടെ കർത്താവായ ദൈവം അനേകരെ വിളിക്കുന്ന പ്രകാരം വാഗ്ദാനം നിന്റെ കുഞ്ഞുങ്ങൾക്കുള്ളതാകുന്നു. ദൈവം സുവിശേഷത്തിലൂടെ എല്ലാവരെയും വിളിക്കുന്നു. (2 തെസ: 2:14) സുവിശേഷം കേൾക്കപ്പെടുകയും അനുസരിക്കപ്പെടുകയും വേണം. ഇതു കുഞ്ഞുങ്ങൾക്കു ചെയ്യുവാൻ കഴിയുകയില്ലല്ലോ.

4. കുടുംബങ്ങളെ മുഴുവനും അപ്പോസ്തലന്മാരാൽ സ്നാനപ്പെടുത്തിയിരുന്നതായി ദൈവവചനങ്ങൾ നമ്മോടു പറയുന്നു (അ: പ്ര: 16:15, 33; 1 കൊരി: 1:16)

ഈ കുടുംബങ്ങളിൽ ഒരു കുഞ്ഞിനെ എടുത്തു പറയുന്നുണ്ടോ? കുടുംബങ്ങളിൽ സുവിശേഷം പ്രസംഗിച്ചപ്പോൾ മുതിർന്നവർക്കു മാത്രമേ അതു കേട്ടു മനസ്സിലാക്കുവാൻ കഴിഞ്ഞിരുന്നുള്ളു. കുട്ടികൾക്കു അതിനു ഒരിക്കലും കഴിഞ്ഞിരുന്നില്ല. കുട്ടികളെ സ്നാനപ്പെടുത്തിയതായി ബൈബിളിൽ ഒരിടത്തും കാണുന്നില്ല. അവർ പഠിപ്പിച്ചഓരോരുത്തരും വിശ്വസിച്ചിരുന്നു. കുഞ്ഞുങ്ങൾക്കു ഇതിനു കഴിയുമായിരുന്നോ?

കുഞ്ഞുങ്ങളെ സ്നാനപ്പെടുത്തുന്ന കാര്യം ക്രിസ്തുവിനാലോ ആദിമ ക്രിസ്ത്യാനികളാലോ ഏർപ്പെടുത്തപ്പെട്ടതായി ബൈബിളിൽനിന്നും തെളിയിക്കുവാൻ സാധിക്കുകയില്ലായെന്നു ലൂതർ തന്നെ പ്രസ്താവിച്ചിരിക്കുന്നു.

VIII പരിച്ഛേദനക്കു പകരമുള്ളതാണു സ്നാനമെന്നു അവർ പഠിപ്പിക്കുന്നു. ദൈവം അബ്രഹാമിനോടു ചെയ്ത ഉടമ്പടിയുടെ അടയാളമായും വിശ്വാസ നീതിയുടെ ചിഹ്നമായും കുഞ്ഞുങ്ങൾ പരിച്ഛേദന പഴയ നിയമ കാലഘട്ടങ്ങളിൽ സ്വീകരിച്ചിരുന്നു. അതുപോലുള്ള അടയാളവും ചിഹ്നവുമായി സ്നാനം കുഞ്ഞുങ്ങൾ സ്വീകരിക്കണമെന്നു അവർ നിർബന്ധിക്കുന്നു.

ബൈബിൾ ഇതിനെക്കുറിച്ചു പറയുന്നത്—

1. യഥാർത്ഥ ഹൃദയ പരിച്ഛേദനയുടെ നിഴൽ മാത്രമാണു മാംസത്തിലെ പരിച്ഛേദന. (എബ്രാ 10:1, റോമ; 2:29)

2. ക്രിസ്തീയ കാലഘട്ടംവരെ യഥാർത്ഥ പരിച്ഛേദന വരത്തതിനാൽ മാംസ പരിച്ഛേദനക്കു പകരം യാതൊന്നും തന്നെ ഇല്ല.

IX കർത്താവിൻെറ അത്താഴത്തെ അൾത്താരയിലെ കൂദാശയെന്നും കർത്താവിൻെറ അത്താഴമെന്നും കർത്താവിൻെറ മേശയെന്നും, തിരുവത്താഴ കൂദാശയെന്നും, കുർബാനയെന്നും അവരാൽ വിളിക്കപ്പെടുന്നു.

എന്നാൽ ഈ ആചാര സംഹിതയെ ബൈബിളിൽ താഴെപറയുന്നവയായി വിളിക്കപ്പെടുന്നു.

1. അപ്പം നുറുക്കൽ (അ; പ്ര.2:42;20;7)
2. ക്രിസ്തുവിൻെറ ശരീരത്തിൻെറ കൂട്ടായ്മ (1കൊരി:10:18)
3. കർത്താവിൻെറ മേശ 1 കൊരി:10:21)
4. കർത്താവിൻെറ അത്താഴം (1 കൊരി:11:20-31)

4. കർത്താവിൻെറ അത്താഴം (1 കൊരി.11;20,21)

അൾത്താരയിലെ കൂദാശ, തിരുവത്താഴ കൂദാശ, കുർബാന എന്നീ പേരുകൾ പുതിയ നിയമത്തിൽ കണ്ടുപിടിക്കുവാൻ കഴിയുകയില്ല.

X അപ്പവും വീഞ്ഞും യേശു ക്രിസ്തുവിൻെറ ശരീരവും രക്തവും ആകുന്നുവെന്നും, അപ്പത്തിൻെറയും വീഞ്ഞിൻെറയും കൂദാശയിൽ നാം പങ്കെടുക്കുമ്പോൾ യേശു ക്രിസ്തുവിൻെറ യഥാർത്ഥ ശരീരവും രക്തവും നാം സ്വീകരിക്കുന്നുവെന്നു അവർ പഠിപ്പിക്കുന്നു

എന്നാൽ ബൈബിൾ പഠിപ്പിക്കുന്നത്.

1. ക്രിസ്തു അപ്പത്തിൻെറയും വീഞ്ഞിൻെറയും ശാരീരിക വ്യക്തിയായി അന്നു സന്നിധനായിരുന്നു (ലൂക്കൊ 22:19)
2. ക്രിസ്തുവിൻെറ ഓർമ്മക്കായി നാം അതു ചെയ്യുമ്പോൾ ക്രിസ്തു ശാരീരികമായി അവിടെ കാണുന്നില്ല. (1 കൊരി 11:24)

ഞാൻ മുന്തിരിവള്ളിയാണെന്നു പറഞ്ഞപ്പോൾ ക്രിസ്തു അക്ഷരാർത്ഥത്തിലുള്ള മുന്തിരിവള്ളിയായി മാറിയോ? ഞാൻ വാതിൽ ആകുന്നുവെന്നു പറഞ്ഞപ്പോൾ ക്രിസ്തു അക്ഷരാർത്ഥത്തിലുള്ള വാതിൽ ആയി മാറിയോ? ക്രിസ്തു വെള്ളത്തെ വീഞ്ഞാക്കി മാററിയപ്പോൾ ആ വെള്ളത്തിനു വീഞ്ഞിൻെറ നിറവും രുചിയും ഉണ്ടായിരുന്നില്ലേ? അങ്ങനെയാണെങ്കിൽ ഇത് എൻെറ ശരീരവും രക്തവുമാകുന്നുവെന്നു പറഞ്ഞു ശിഷ്യന്മാർക്കു നല്കിയ ആ അപ്പത്തിനും വീഞ്ഞിനും ക്രിസ്തുവിൻെറ മാംസത്തിൻെറയും രക്തത്തിൻെറ

യും രുചി കാണേണ്ടതല്ലേ? എന്നാൽ അപ്രകാരം ഉണ്ടായിരുന്നതായി ബൈബിളിൽ ഒരിടത്തും കാണുന്നില്ലല്ലോ.

XII ഓരോ ആഴ്ചയുടെയും ആദ്യ ദിവസത്തിൽ കർത്താവിന്റെ അത്താഴം ആചരിക്കേണ്ട ആവശ്യമില്ലായെന്നു അവർ പഠിപ്പിക്കുന്നു.

എന്നാൽ ബൈബിൾ പഠിപ്പിക്കുന്നത് കർത്താവിന്റെ അത്താഴം ഓരോ ആഴ്ചവട്ടത്തിന്റെയും ഒന്നാം ദിവസം ആചരിക്കണമെന്നാണ് (അ: പ്ര. 2: 42, 20:7, കൊരി 1 16: 1, 2.)

(ശേഷം അടുത്തലക്കത്തിൽ)

**

# ക്രിസ്തുവിന്റെ സഭ

ബെലോണ മീറാൻഡ

'ക്രിസ്തുവിന്റെ സഭയെ ഉൾപ്പെടുത്താതെ ക്രിസ്തുവിനെ കുറിച്ചുള്ള ഒരു പഠനം നടത്തുവാൻ സാദ്ധ്യമല്ലാ. നാം ക്രിസ്തുവിന്റെ സഭയെപററി സംസാരിക്കുമ്പോൾ നാം സഭയെപററി മാത്രമല്ലാ, പക്ഷേ 'ക്രിസ്തു' ആണ് സഭയെ പണിതതു എന്നതിനെ പ്രസംഗിക്കുകയാണ്, അതായതു സഭ അവനുള്ളത്, അത് അവന്റെ ആത്മീക ശരീരമാണ്. ക്രിസ്തുവിന്റെ സഭയെ എതിർക്കുകയോ, സ്നേഹിക്കാതിരിക്കുകയോ ചെയ്താൽ അതിന്റെ അർത്ഥം നാം ക്രിസ്തുവിനെ തള്ളി പറയുന്നു എന്നതാണ്.

സഭ (church) എന്ന വാക്ക് 'Eklesia' എന്ന ഗ്രീക്ക് പദത്തിൽ നിന്നും വന്നതാണ്. അതിന്റെ അർത്ഥം വിളിക്കപ്പെട്ടവർ (called out) എന്നാണ്. അതിനാൽ സഭ നിർമ്മിക്കപ്പെട്ടിരിക്കുന്നതു ലോകത്തിന്റെ പുറത്തു നിന്നും വന്നവരെ കൊണ്ടും ക്രിസ്തുവിനെ പിൻഗമിക്കുവാൻ തയ്യാറായവരെ കൊണ്ടുമാണ്. അവർ ലോകത്തിന്റെ മോഹങ്ങളിൽ നിന്നും വിട്ടകന്ന്, ആത്മീക ജീവിതം നയിക്കുന്നവരാണ്. അവർ രക്ഷിക്കപ്പെട്ടവരും യേശുക്രിസ്തുവിന്റെ നാമം ധരിക്കുന്നവരുമാണ്.

സഭ (church) എന്ന് വെച്ചാൽ ലോകക്കാർ കരുതുന്നതു, അതു ഒരു കെട്ടിടമോ, അല്ലെങ്കിൽ എല്ലാവരും കൂടുന്ന ഒരു വീടോ,

(ശേഷം 22—ാം പേജിൽ)

# "കേൾപ്പാൻ ചെവി ഉള്ളവൻ കേൾക്കട്ടെ"

**സാജു ജോർജ്**

യേശുക്രിസ്തു എന്തിനുവേണ്ടി ഭൂമിയിലേയ്ക്കു വന്നു എന്ന് താങ്കൾ എപ്പോഴെങ്കിലും ചിന്തിച്ചിട്ടുണ്ടോ? (ക്രിസ്തു ക്രിസ്ത്യാനികളുടെ ദൈവമല്ലേ; ക്രിസ്തുവിനെക്കുറിച്ച് ഞാൻ എന്തിന് ചിന്തിക്കണം? എന്ന് ഒരു പക്ഷേ നിങ്ങൾ വിചാരിക്കുന്നുണ്ടാകാം). ഭൂമിയിൽ ജീവിക്കുന്ന സകല മനുഷ്യരേയും (താങ്കൾ ഉൾപ്പെടെ) രക്ഷിക്കുന്നതിനും സഹായിക്കുന്നതിനുമായിരുന്നു യേശുക്രിസ്തു ഭൂമിയിൽ വന്നത്.

ദൈവം ആരാണ്, എന്താണ് എന്നറിയുവാൻ കഴിയാതെ, ദൈവത്തെ ഭയമില്ലാതെ ദൈവത്തെ നിഷേധിച്ച് ജീവിക്കുന്ന എല്ലാവരെയും ദൈവത്തെക്കുറിച്ചുള്ള അറിവിലേയ്ക്കും ദൈവവുമായുള്ള ബന്ധത്തിലേയ്ക്കും വഴിനടത്തി സഹായിക്കുവാൻ ക്രിസ്തു ഭൂമിയിൽ അവതരിച്ചു. 'ദൈവം നമ്മോടുകൂടെ' എന്നർത്ഥമുള്ള 'ഇമ്മാനുവേൽ' എന്ന പേരിൽ വിളിക്കപ്പെട്ട യേശുക്രിസ്തു അദൃശ്യനായ ദൈവത്തിന്റെ ദൃശ്യമായ രൂപവും ദൈവവുമാണ്. മരണത്തെ കീഴടക്കി താൻ ദൈവമാണെന്ന് സംശയ രഹിതമായി ലോകത്തിൽ തെളിയിച്ചു. ചരിത്രത്തിന് ഒരിക്കലും ഈ സത്യം നിഷേധിക്കുവാൻ കഴിയുകയില്ല.

ഏക ദൈവത്തിന് വ്യത്യസ്ത മതങ്ങളും, വിശ്വാസങ്ങളും ഉണ്ടാവുക വിരോധാഭാസവും പരസ്പരവിരുദ്ധവുമാണ്. മനുഷ്യർ ഇന്ന് പല ദൈവങ്ങളെയും മതങ്ങളെയും സൃഷ്ടിച്ചിരിക്കുകയാണ്. എല്ലാവരും തങ്ങളുടെ മതമാണ് സത്യം എന്ന് വാദിച്ച് പരസ്പരം കലഹിക്കുന്നു.

മനുഷ്യർക്ക് കീഴടക്കുവാൻ അസാദ്ധ്യമായ മരണത്തെ കീഴടക്കി, ജീവിതത്തിന്റെ എല്ലാ മേഖലകളിലും, പ്രകൃതിശക്തിയുടെ മേലും തന്റെ അധികാരം പ്രദർശിപ്പിച്ച, ജീവിതങ്ങൾ രൂപാന്തരപ്പെടുത്തുന്ന, ഇന്നും ജീവിക്കുന്ന എത്ര ദൈവങ്ങളെക്കുറിച്ച് താങ്കൾക്ക് ഊഹിക്കുവാൻ കഴിയും, 'യേശുക്രിസ്തുവല്ലാതെ'.

ക്രിസ്തു പീഡനം അനുഭവിച്ചതും മരിച്ചതും) ആർക്കുവേണ്ടി? ദൈവത്തിന്റെ നമ്മോടുള്ള സ്നേഹമായിരുന്നു കുരിശിൽ ക്രിസ്തുവിനെ നമുക്കുപകരം ബലിയായി നൽകുന്നതിലൂടെ

ദൈവം പ്രദർശിപ്പിച്ചത്. ദൈവം തന്റെ പ്രവാചകനിലൂടെ ക്രിസ്തുവിന്റെ ഈ ത്യാഗത്തെക്കുറിച്ച് പറയുന്നത് കേൾക്കുക—

"അവൻ (യേശു) നമ്മുടെ അതിക്രമങ്ങൾ നിമിത്തം മുറിവേററും നമ്മുടെ അകൃത്യങ്ങൾ നിമിത്തം തകർന്നും ഇരിക്കുന്നു; നമ്മുടെ സമാധാനത്തിനുള്ള ശിക്ഷ അവന്റെ മേൽ ആയി അവന്റെ അടിപ്പിണരുകളാൽ നമുക്കു സൗഖ്യം വന്നുമിരിക്കുന്നു. നാം എല്ലാവരും ആടുകളെപ്പോലെ തെററിപ്പോയിരുന്നു; നാം ഓരോരുത്തരും താന്താന്റെ വഴിക്കു തിരിഞ്ഞിരുന്നു: "എന്നാൽ യഹോവ (ദൈവം) നമ്മുടെ എല്ലാവരുടെയും അകൃത്യംഅവന്റെ മേൽചുമത്തി...." (യെശ.53:5—6).

"നാം പാപം സംബന്ധിച്ചു മരിച്ചു നീതിക്കു ജീവിക്കേണ്ടതിന് അവൻ തന്റെ ശരീരത്തിൽ നമ്മുടെ പാപങ്ങളെ ചുമന്നുകൊണ്ടു ക്രൂശിന്മേൽ കയറി" (1 പത്രൊ. 2:24).

മനുഷ്യരായ നമ്മെ ദൈവത്തിൽ നിന്നും അകററുന്ന തിന്മയുടെ ബന്ധനത്തിൽ നിന്ന് രക്ഷിക്കുവാൻ മനുഷ്യനായി വന്ന് തന്റെ രക്തവും ജീവനും നമുക്കായി യേശു നൽകി. നമുക്കു വേണ്ടിനമ്മുടെ പിഴകൊടുത്തു. ഭൂമിയിൽ ജീവിക്കുന്ന എല്ലാ മനുഷ്യർക്കും (ജാതി മതഭേദമെന്യേ) വേണ്ടിയാണ് ക്രിസ്തു മരിച്ചത്. എല്ലാ മനുഷ്യരും ആ മരണത്തിന്റെ അനുഗ്രഹം അനുഭവിക്കേണ്ടവരാണ്.

താങ്കൾ അത് പുച്ഛിച്ചുതള്ളുവാനും നിഷേധിക്കുവാനും ആഗ്രഹിക്കുന്നുണ്ടെങ്കിലും ഒരിക്കലും അതിനുകഴിയുകയില്ല. അതുകൊണ്ട് പ്രയോജനവുമില്ല. ക്രിസ്തുവിന്റെരക്തത്തിലൂടെയല്ലാതെ ദൈവം ഒരു മനുഷ്യനെയും അംഗീകരിക്കുന്നില്ല, വിശുദ്ധീകരിക്കുന്നതുമില്ല.

"തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിനു ദൈവം അവനെ നല്കുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു (യോഹ 3:16).

"മറെറാരുത്തനിലും രക്ഷ ഇല്ല: നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിൻ കീഴിൽ മനുഷ്യരുടെ ഇടയിൽ നല്കപ്പെട്ട വേറൊരു നാമവും ഇല്ല" (പ്രവൃത്തി. 4:12)

ക്രിസ്തു വന്നത് ഒരു മതം സ്ഥാപിക്കുവാനല്ല: ഒരു വിഭാഗത്തിന്റെ മാത്രം ദൈവവുമല്ല. മനുഷ്യരായിട്ടുള്ള എല്ലാവരുടെയും രക്ഷ

കനും ദൈവവുമാണ് യേശുക്രിസ്തു. ക്രിസ്തു പറഞ്ഞത് ശ്രദ്ധിക്കുക: "ഞാൻ തന്നെ വഴിയും സത്യവും ജീവനും ആകുന്നു: ഞാൻ മുഖാന്തിരമല്ലാതെ ആരും പിതാവിന്റെ (ദൈവത്തിന്റെ) അടുക്കൽ എത്തുന്നില്ല" (യോഹ 14:6).

അതുകൊണ്ട് യഥാർത്ഥമായി ദൈവത്തെ കണ്ടെത്തുവാനും ദൈവവുമായി ബന്ധപ്പെട്ട് ശരിയായ ജീവിതം നയിക്കുവാനും താങ്കൾ ആഗ്രഹിക്കുന്നുവെങ്കിൽ അതിന് ദൈവം ക്രിസ്തുവിലൂടെ ഒരുക്കിയിരിക്കുന്ന ഏക വഴിയിലൂടെ സഞ്ചരിക്കണം. ക്രിസ്തു നമുക്കുവേണ്ടി മരിച്ചു. കല്ലറയിൽ അടക്കപ്പെട്ടുമൂന്നാംനാൾ ഉയർത്തെഴുന്നേററു. ഈ വാർത്തയാണ് തിന്മയുടെ ചെളിക്കുണ്ടിൽ കിടക്കുന്ന ലക്ഷ്യമില്ലാത്ത ജീവിതം നയിക്കുന്ന നമുക്കേവർക്കും പ്രത്യാശയും പ്രതീക്ഷയും നല്കുന്ന 'സുവിശേഷം' (Good News). നാം ഇനി നശിച്ചുപോകുമെന്ന നിരാശ വേണ്ട. നമുക്കുവേണ്ടി ഒരു വഴി തുറന്നിരിക്കുന്നു.

ക്രിസ്തുവിനെക്കുറിച്ചുള്ള ഈ 'സുവിശേഷം' കേൾക്കുകയും ക്രിസ്തുവിനെ ദൈവപുത്രനായി വിശ്വസിക്കുകയും ചെയ്യുക, നമ്മുടെ തെററുകളെക്കുറിച്ച് പശ്ചാത്തപിച്ച് മാനസാന്തരപ്പെടുക, ക്രിസ്തുവിനെ ദൈവപുത്രനെന്ന് ഹൃദയത്തിൽനിന്നുള്ള വിശ്വാസത്താൽ ഏററുപറയുക. അതിനുശേഷം ക്രിസ്തുവിന്റെ മരണം, അടക്കം, ഉയിർപ്പ് എന്ന സുവിശേഷത്തിന്റെ മൂന്നു അവസ്ഥകളോടും ബന്ധപ്പെടുന്നതായി ജലത്താൽ സ്നാനമേൽക്കുക. സ്നാനത്തിൽ മാത്രമാണ് ക്രിസ്തുവിന്റെ മരണവും, അടക്കവും, ഉയിർപ്പും നമ്മുടെ ജീവിതത്തിൽ അനുഭവിക്കുവാനും അതിനോട് പങ്കാളികളാകുവാനും കഴിയുന്നത്. (ശിശുസ്നാനം, തളിക്കുക, ഒഴിക്കുക തുടങ്ങിയ ആചാരങ്ങളെ അല്ല. വിശ്വസിക്കുന്ന ഒരു വ്യക്തിയുടെ ജലത്തിലുള്ള പൂർണ്ണമായ സ്നാനം മാത്രമാണ് അടക്കത്തിന്റെയും ഉയിർപ്പിന്റെയും സാദൃശ്യം.)

ദൈവവചനം എന്താണ് പറയുന്നത് എന്നു ശ്രദ്ധിക്കുക: 'യേശുക്രിസ്തുവിനോട് ചേരുവാൻ സ്നാനം ഏററവരായ നാം എല്ലാവരും അവന്റെ മരണത്തിൽ പങ്കാളികളാകുവാൻ സ്നാനം ഏററിരിക്കുന്നു എന്നു നിങ്ങൾ അറിയുന്നില്ലയോ? അങ്ങനെ നാം അവന്റെ മരണത്തിൽ പങ്കാളികളായിത്തീർന്ന സ്നാനത്താൽ അവനോടുകൂടെ കുഴിച്ചിടപ്പെട്ടു; ക്രിസ്തു മരിച്ചിട്ട് പിതാവിന്റെ മഹിമയാൽ ജീവിച്ചെഴുന്നേററതുപോലെ നാമും ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതിനു തന്നേ....' (റോമർ 6:3–5. ഗലാ.3:27. കൊലൊ. 2:12; പ്രവൃ.2:38; 22:16. മർക്കൊ. 16:16).

ഈ വഴിയിലൂടെയല്ലാതെ ആർക്കും ക്രിസ്തുവുമായി ബന്ധ

പ്പെടുവാനോ, പാപമോചനം അനുഭവിക്കുവാനോ, ദൈവത്തിന്റെ ആത്മാവിനെ പ്രാപിക്കുവാനോ കഴിയുകയില്ല. താങ്കളുടെ ആത്മാവിനെ (ജീവിതത്തെ) രക്ഷിക്കുവാൻ ദൈവം ക്രിസ്തുവിലൂടെ നൽകിയ ഈ കല്പന അനുസരിക്കുന്നതിലൂടെയാണ് ദൈവത്തോടുള്ള നമ്മുടെ സ്നേഹം നാം തെളിയിക്കുന്നത് (യോഹ. 4:15).

ക്രിസ്തു സ്വർഗ്ഗാരോഹണം ചെയ്യുന്നതിനു മുൻപ് അവസാനമായി നല്കിയ കല്പന ശ്രദ്ധിക്കുക:

'ആകയാൽ നിങ്ങൾ പുറപ്പെട്ടു, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോട് കല്പിച്ചതൊക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചുകൊണ്ട് സകല ജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ' (മത്താ. 28:19; റോമ. 16:16).

താങ്കൾ ഇന്നു മരിക്കേണ്ടിവന്നാൽ മരണാനന്തര ജീവിതം എവിടെ ചിലവഴിക്കും?

■ X ■ X

ഇപ്രകാരം ക്രിസ്തുവിന്റെ ഈ കല്പന അനുസരിച്ചുകൊണ്ട് ദുഷ്ടലോകത്തിൽനിന്നും വിളിച്ച് വേർതിരിക്കപ്പെട്ട സമൂഹത്തെയാണ് 'സഭ' (ചർച്ച്) എന്നു വിളിക്കുന്നത്. ക്രിസ്തുവാണ് രക്ഷിക്കപ്പെടുന്നവരെ (ഈ കല്പന അനുസരിക്കുന്നവരെ) സഭയിലേയ്ക്ക് ചേർക്കുന്നത്. ക്രിസ്തു തന്റെ രക്തത്താൽ സമ്പാദിച്ചതാണ് ഈ സഭ. മനുഷ്യരുടെയോ, ദിവസത്തിന്റെയോ, തത്വങ്ങളുടെയോ, മാലാഖമാരുടെയോ പേരുകളിലല്ല ഈ സഭ അറിയപ്പെടേണ്ടത്. ഈ സഭയുടെ അടിസ്ഥാനവും, ഉടമസ്ഥനും, തലയും, നിർമ്മാതാവുമായ യേശു ക്രിസ്തുവിന്റെ പേരിൽ ഈ സഭ അറിയപ്പെടണം. ഒന്നാം നൂററാണ്ടിൽ ക്രിസ്തുവിന്റെ സഭയല്ലാതെ നാം നമ്മുടെ ചുററും ഇന്നു കാണുന്ന ഈ നാമധേയ സഭകളൊന്നും ഉണ്ടായിരുന്നില്ല. ക്രിസ്തുവിന്റെ വചനത്തിൽ നിലനില്ക്കുന്നവർ മാത്രമാണ് സഭയിലെ അംഗങ്ങൾ (2 യോഹ. 9).

ക്രിസ്തു 'ഞാൻ എന്റെ സഭയെ പണിയും' (മത്താ16:18) എന്നു വാഗ്ദാനം ചെയ്തതു പോലെ ഏകദേശം AD 33 നോടുകൂടി സഭ ആരംഭിച്ചു. യെരുശലേമിൽ ആയിരുന്നു ആരംഭം. അപ്പോസ്തലന്മാർ ക്രിസ്തുവിനെക്കുറിച്ച് പ്രസംഗിച്ചു കൊണ്ട് ലോകത്തിൽ പല സ്ഥലത്തും ക്രിസ്തുവിന്റെ സഭ ആരംഭിച്ചു. അവരുടെ കാലശേഷം ക്രിസ്തുവും അപ്പോസ്തലന്മാരും മുന്നറിയിച്ചിരുന്നതു പോലെ (1തിമൊ 4:1–3) വചനത്തിൽ നിന്ന് മനുഷ്യർ വ്യതിചലിക്കുകയും ക്രിസ്തുവിന്റെ ഉപദേശങ്ങളെ മാററിനിർ

ത്തി മാനുഷിക ആചാരങ്ങളും അഭിപ്രായങ്ങളും ആചരിക്കുവാനും തുടങ്ങി. അങ്ങനെ നാം ഇന്നു കാണുന്ന അനവധി മാനുഷികവിഭാഗങ്ങൾ ഉടലെടുത്തു. വിഗ്രഹാരാധന വരെ മനുഷ്യർ ചെയ്യുന്ന തരത്തിൽ അധഃപതിച്ചു ദൈവത്തിന്റെ വചനത്തെ പൂർണ്ണമായും തള്ളിക്കളയുന്ന തരത്തിൽ മനുഷ്യന്റെ സ്വാർത്ഥത വളർന്നിരിക്കുന്നു.

ക്രിസ്തുവിന്റെ ശരീരമായ സഭയുടെ പ്രവർത്തനവും വിശ്വാസവും വചനത്തിൽ മാത്രം അടിസ്ഥാനപ്പെട്ടതായിരിക്കും. ക്രിസ്തുവിന്റെ സഭയെക്കുറിച്ച് അറിയണമെങ്കിൽ ക്രിസ്തു തന്റെ രക്തത്തിൽ ഉറപ്പിച്ച പുതിയനിയമം പരിശോധിക്കൂ. ആ സഭയിൽ അംഗമായിത്തീരൂ. അങ്ങനെ നിങ്ങളുടെ ആത്മാവിനെ രക്ഷിക്കൂ.

ക്രിസ്തുവിന്റെ സഭയെക്കുറിച്ച് നിങ്ങൾക്കു അറിയുവാൻ ആഗ്രഹമുണ്ടോ? ഈ പട്ടണത്തിൽ ക്രിസ്തുവിന്റെ സഭ പ്രവർത്തിക്കുന്നു. ഒരു നാമധേയവിഭാഗമല്ല: വചനം മാത്രം അനുസരിക്കുന്ന ഉപദേശിക്കുന്ന.... പുതിയ നിയമ ക്രിസ്ത്യാനിത്വത്തിലേയ്ക്ക് പൂർണ്ണമായി മടങ്ങിവരുവാൻ നിങ്ങളെ ആഹ്വാനം ചെയ്യുന്ന ഒരു കൂട്ടം വിശ്വാസികൾ

കൂടുതലായി അറിയുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ ബന്ധപ്പെടുക. ദൈവം നല്കിയ ഈ അവസരം നഷ്ടപ്പെടുത്തുകയില്ലല്ലോ എന്ന് വിശ്വസിക്കട്ടെ.

# ഇസ്ലാം മതത്തിനെക്കുറിച്ച് . . .

## വിക്ടർ. എം. യേശുദാസ്

സത്യവേദ പുസ്തകത്തിൽ ഉൽപ്പത്തി തുടങ്ങി വെളിപ്പാടുവരെ നാം നോക്കുമ്പോൾ ദൈവത്തിന്റെ ജനത്തെ പിശാച് സംശയം എന്ന വലയിലൂടെ പിടിക്കുന്നത് കാണുവാൻ കഴിയും. ഹവ്വയെ പിശാച് ഈ സംശയത്തിലൂടെയാണ് പിടിച്ചത്. ഇന്നും ക്രിസ്ത്യാനികളെ പിശാച് പിടിക്കുന്നത് സംശയം എന്ന വലയിലൂടെയാണ്. പല മതങ്ങളുടെ പേരിൽ ക്രിസ്തീയ മനസ്സുകളിലേയ്ക്ക് പിശാച് കയറി പററുന്നു. ഈ സംശയ കെണിയിൽ അകപ്പെട്ടു അനേകം ക്രിസ്ത്യാനികൾ വിശ്വാസത്തിന്റെ അടിത്തറ ഇളകിപ്പോയവരായിരിക്കുന്നു.

ക്രിസ്ത്യാനിത്വത്തിന്റെ അടിസ്ഥാനം സത്യത്തിൽ ഒന്നിനാലും ഇളകുന്നതല്ല.

ലോകത്തിൽ വളരെയധികം പ്രചരിച്ചുകൊണ്ടിരിക്കുന്ന മുസ്ലീം മതം ക്രിസ്ത്യാനികളെ പലതരത്തിൽ തങ്ങളുടെ നിലപാടുകളിൽ സംശയമുള്ളവരാക്കിയിട്ടുണ്ട്. ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിച്ചുകൊണ്ടു പിശാചിന്റെ തന്ത്രങ്ങളോടു പോരാടുവാൻ ശ്രമിക്കാത്തവർ ആ വലയിൽ തങ്ങൾ അറിയാതെ അകപ്പെട്ടുപോകുന്നു. ഒരു വിഭാഗം നമുക്കെതിരായി പ്രചരണം നടത്തുമ്പോൾ അതിനെ ശരിയായി നേരിടണമെങ്കിൽ ആദ്യമായി ആ വിഭാഗത്തെ മനസ്സിലാക്കണം. മുസ്ലീങ്ങളെ ഓർത്ത് നാം ദൈവത്തോടു പ്രാർത്ഥിക്കണം. അവരുടെ മാനസാന്തരത്തിനു വേണ്ടിയും സത്യത്തിന്റെ പരിജ്ഞാനത്തിനുവേണ്ടിയും. അബ്രഹാമിന്റെ പുത്രനായ യിസ്മായേലിന്റെ വംശപാരമ്പര്യത്തിൽ നിന്നുള്ളവരാണല്ലോ അവർ. അബ്രഹാമിന് ഹാഗാറിൽ ജനിച്ച സന്തതിയാണ് യിസ്മായേൽ (വാഗ്ദാനം കൂടാതെ). വാഗ്ദാനപ്രകാരം അബ്രഹാമിന് ജനിച്ച പുത്രനാണ് ഇസഹാക്ക്. ആ ഇസഹാക്കിന്റെ പുത്രനായ യാക്കോബിന്റെ വംശാവലിയാണ് യഹൂദന്മാർ. യേശു ക്രിസ്തു യഹൂദ വംശത്തിലാണ് ജനിച്ചത്.

ഇസഹാക്കിലൂടെ വർദ്ധിച്ചുണ്ടാകുന്ന ജനത്തെക്കുറിച്ച് ദൈവം അബ്രഹാമിന് വാഗ്ദാനം ചെയ്തതുപോലെ യിസ്മായേലിന്റെ മാതാവായ ഹാഗാറിനും ദൈവം വാഗ്ദാനം നൽകി. അങ്ങനെ യിസ്മായേലിന്റെ സന്തതികൾ പെരുകുവാൻ ഇടയായി (ഉല്പത്തി 16:10) ഈ സന്തതി പാരമ്പരയിൽ ഉൾപ്പെട്ടവരാണ് ഇന്ന് അറേബ്യയിലും അയൽനാടുകളിലും മറ്റും പാർക്കുന്ന മുസ്ലീംകൾ. പഴയകാലത്ത് 'കുറൈശികൾ' എന്ന പേരോടുകൂടി ജീവിച്ചിരുന്ന അവർ ഏകദേശം 360 വിഗ്രഹങ്ങളോളം ആരാധനയ്ക്കായി ഉപയോഗിച്ചിരുന്നു. (ആ വിഗ്രഹത്തിൽ ഒരിനമായ കഅബകൾ ഇന്നും മുസ്ലീംജനത ആരാധിക്കുന്നു. അബ്രഹാം യാഗം അർപ്പിച്ച കല്ല് എന്നാണ് അതിനെക്കുറിച്ച് അവർ വിശ്വസിക്കുന്നത്.) എ.ഡി 626 വരെ കുറൈശികൾ ഇപ്രകാരം വിഗ്രഹാരാധന നടത്തിയിരുന്നു.

ഈ കാലഘട്ടത്തിൽ ആയിരുന്നു. മുഹമ്മദിന്റെ ജനനവും പ്രവർത്തനവും. AD 570 ൽ മുഹമ്മദ് ജനിച്ചു. പിതാവിന്റെ പേര് അബ്ദുള്ള, മാതാവ് ആമിന. ബാല്യത്തിൽ ഒട്ടകത്തെ വാങ്ങുക, കച്ചവടം ചെയ്യുക മുതലായ കാര്യങ്ങൾ മുഹമ്മദ് ചെയ്തിരുന്നു. ഇങ്ങനെയൊരു കച്ചവടസമയത്താണ് സിറിയദേശത്ത് വച്ച് യഹൂദ സിറിയ ക്രൈസ്തവ കുടുംബത്തോട് പരിചയപ്പെടുവാൻ സന്ദർഭം ലഭിച്ചത്. ആ കുടുംബത്തിലെ നാഥൻ മരിച്ചപ്പോൾ ഭാര്യ ഖദീജയെ മുഹമ്മദ് വിവാഹം കഴിച്ചു. മുഹമ്മദിന് 25 വയസുണ്ടായിരുന്നപ്പോഴാണ് 40 വയസ്സുണ്ടായിരുന്ന ഖദീജയെ വിവാഹം കഴിച്ചത്. ഇങ്ങനെ മുഹമ്മദ് യഹൂദന്മാരെക്കുറിച്ചും ക്രിസ്ത്യാനികളെക്കുറിച്ചും മനസ്സ്

സ്ത്രീലാക്കി ഖദീജയുടെ ബന്ധുവും പ്രാസംഗികനുമായ വർഗാബിൽ എന്ന ആൾ മുഹമ്മദിനെ ഇക്കാര്യത്തിൽ സഹായിച്ചു. മുഹമ്മദ് തന്റെ 40–ാമത്തെ വയസിൽ ഹിജ്റ എന്ന മലയിൽ യഹൂദമതപ്രകാരം ധ്യാനിക്കാൻ പോയപ്പോൾ ദൈവശബ്ദം കേട്ടുവെന്നും അതിന് വർഗാബീൽ അവനെ ദൈവത്തിന്റെ വേലക്കാരനായി തീരുവാൻ പ്രോൽസാഹിപ്പിക്കുകയും ചെയ്തു എന്നും വിശ്വസിക്കപ്പെടുന്നു ഗബ്രിയേത ദൂതനാണ് മുഹമ്മദിന് പ്രത്യക്ഷപ്പെട്ടത് എന്നാണ് പറയപ്പെടുന്നത്)

കുറൈശികളുടെ വിഗ്രഹാരാധന മുഹമ്മദ് വളരെയധികം വെറുത്തിരുന്നു. അവരോടു സത്യം പറയുന്നതിനും വിഗ്രഹാരാധനയിൽ നിന്ന് അവരെ പിന്തിരിപ്പിക്കുന്നതിനുമായി മുഹമ്മദ് മെക്ക എന്ന പട്ടണത്തിൽ ചെന്നു. പക്ഷേ അവർ മുഹമ്മദിനെ അംഗീകരിക്കുകയോ അദ്ദേഹത്തിന്റെ താക്കീത് സ്വീകരിക്കുകയോ ചെയ്തില്ല. മെക്കയിൽ നിന്ന് അവർ മുഹമ്മദിനെ പുറത്താക്കി. തായ്ഫ് എന്ന സ്ഥലത്ത് താമസിച്ചു അവിടെ വച്ച് മുഹമ്മദ് ഒരു ദർശനം കാണുകയും ദർശനത്തിൽ യേശുവിനെ കണ്ടുവെന്നും ജനങ്ങൾ മുഹമ്മദിന്റെ വാക്കുകൾ കേൾക്കുന്നതായും കണ്ടു എന്ന് വിശ്വസിക്കപ്പെടുന്നു. ഇതിനുശേഷം മെക്കയിലുള്ള ജനങ്ങൾ അവന്റെ വാക്കു കൈക്കൊണ്ടു. മെഥിന പട്ടണത്തിൽ ഉണ്ടായിരുന്ന മനുഷ്യർ ഇതുകേട്ടു. മുഹമ്മദിനെ ക്ഷണിക്കുകയും ഉപദേശം കേൾക്കുകയും ചെയ്തു. ഇങ്ങനെ AD622–ൽ മുഹമ്മദ് മെക്കയിൽ നിന്ന് മെഥിനാവിലേയ്ക്ക് യാത്ര ചെയ്തതിന്റെ ഓർമ്മക്ക് ഹിജ്റ എന്നു പറയുന്നു. ഹിജ്റയിൽ നിന്നാണ് മുസ്ലീം വർഷം തുടങ്ങുന്നത്.

മെഥീനയിൽ അറബികൾ യഹൂദന്മാർ, കത്തോലിക്ക, സഭവിശ്വാസികൾ, അപ്പോസ്തലിക ക്രിസ്ത്യാനികൾ എന്നിവർ ജീവിച്ചിരുന്നു. അവരിൽ യഹൂദന്മാരും യഥാർത്ഥ ക്രിസ്ത്യാനികളും (അപ്പോസ്തലന്മാരുടെ പിൻഗാമികൾ) മററും മുഹമ്മദിന്റെ പ്രബോധനം അനുസരിച്ചില്ല. കത്തോലിക്കരാകട്ടെ അവരുടെ നേതാക്കന്മാരുടെ ഹിതപ്രകാരമാണ് ജീവിച്ചിരുന്നത്. മുഹമ്മദ് മെഥീനയിൽ ജീവിച്ചിരുന്നപ്പോൾ മെക്കയിൽനിന്ന് വ്യാപാരത്തിനുവേണ്ടി മെഥീനയിൽപോയ കച്ചവടക്കാരെ മെഥീനക്കാർ കൊള്ളയടിച്ചു. അവർ അത് മതപരമായ ഒരു വിശുദ്ധ പ്രവൃത്തി എന്നാണ് വിശേഷിപ്പിക്കുന്നത്. 'പഥർ' എന്ന് അവർ ആ യുദ്ധത്തിനെ വിളിക്കുന്നു. മെഥീനക്കാരെ മുഹമ്മദ് ഈ കാര്യത്തിൽ സഹായിച്ചു. അതിനുശേഷം മെഥീനയിൽ ജീവിച്ചിരുന്ന യഹൂദന്മാർ മെക്കയിലുള്ളവരെ സഹായിച്ചതിനാൽ മെഥീനക്കാർ പിന്നീട് തോററു. ഈ കാരണത്താൽ മെഥീനയിൽ ജീവിച്ചിരുന്ന 800 ഓളം യഹൂദന്മാരെ കൊന്നു കളഞ്ഞു അവരുടെ വസ്തുക്കളെ

കൊള്ളയടിച്ചു. ഉല്പത്തി 16;12-ൽ ദൈവം അബ്രഹാമിനോട് അരുളിച്ചെയ്തതുപോലെ ഇപ്പോഴും സംഭവിച്ചുകൊണ്ടിരിക്കുന്നു. ഈ യുദ്ധകാലംവരെ മുഹമ്മദ് ആരാധിച്ചത് ജറുസലേമിനെ നോക്കിക്കൊണ്ടായിരുന്നു.

മുഹമ്മദ് ആരംഭിക്കുവാൻ ആഗ്രഹിച്ചത് ഒരു ക്രിസ്തീയ വിഭാഗമായിരുന്നു. പക്ഷെ അതിനു കഴിഞ്ഞില്ല. കാരണം വിഗ്രഹാരാധന തെററാണ് എന്ന് പ്രചരിപ്പിച്ചപ്പോൾ 'ക്രിസ്ത്യാനികൾ' എന്ന് സ്വയം വിശേഷിപ്പിക്കുന്ന കത്തോലിക്കർ 'വിഗ്രഹാരാധന' നടത്തിവന്നിരുന്നു. അതുകൊണ്ട് വിഗ്രഹാരാധന കൂടാതെ ഒരുമതത്തെ സ്ഥാപിക്കുവാൻ മുഹമ്മദിന് കഴിഞ്ഞില്ല കുറൈശികളുടെ 360 വിഗ്രഹങ്ങളിൽ 359വിഗ്രഹങ്ങളെയും തകർത്തു. പക്ഷേ കഫേഎന്ന കല്ലിനെ തകർത്തില്ല. ആ കല്ലിനെ ആരാധിക്കുവാനും മുഹമ്മദിന്റെ മതം പൂർണ്ണമായി പ്രചരിപ്പിക്കുവാനും AD–626 മുതൽ കുറൈശികൾ ആരംഭിച്ചു.

വർഗാദിൽ മുഹമ്മദിനെ പഠിപ്പിച്ച യഹൂദ, ക്രിസ്തീയ വേദങ്ങളിൽ നിന്നുള്ള 60% ഭാഗങ്ങളും കത്തോലിക്ക പ്രബോധനങ്ങളിൽ നിന്ന് 25% വും കൂടാതെ മുഹമ്മദിന്റെ സ്വന്തമായ ചിന്താഗതികളും ആകുന്നു ഈ പുതിയ മതത്തിന്റെ ഉപദേശം.

മുഹമ്മദിന്റെ സ്വന്ത അഭിപ്രായങ്ങൾ ഹദീശ് എന്ന പേരിൽ അറിയപ്പെടുന്നു.

ബൈബിളിലെ പഴയ നിയമ ഭാഗത്തിലുള്ള മോശയുടെപുസ്തകങ്ങളുംദാവീദിന്റെസങ്കീർത്തനവും സുവിശേഷഭാഗങ്ങളും മുസ്ലീം വേദങ്ങളിൽ ചിലയിടത്ത് കാണുവാൻ കഴിയും.

മുഹമ്മദിന്റെ ജീവിതത്തിൽ സംഭവിച്ച പലയുദ്ധങ്ങളുടെയും വിവരണങ്ങളാണ് കൂടുതലായി അവരുടെ വേദത്തിൽ കാണുന്നത്. ബൈബിളിലെ പല വസ്തുതകളോടും ആശയങ്ങളോടുള്ള സാദൃശ്യവും വ്യക്തമാണ്.

ISLAM (ഇസ്ലാം) എന്ന വാക്ക് അലിപ് (Alip); ലാം (lam) മീം (Meem) എന്ന അറബി വാക്കുകളുടെ ചുരുക്കമാണ്.

| | | |
|---|---|---|
| അലിപ് എന്നു പറഞ്ഞാൽ | = | ജീവനായ ക്രിസ്തു |
| ലാം | = | സത്യദൈവ വാക്ക് |
| മീം | = | ദൈവത്തിന്റെ വഴി |

അർത്ഥത്തിൽ യോഹന്നാൻ 14:6– നോട് ചുരുക്കമായി ഈ അർത്ഥം യോജിക്കുന്നു.

ഈ ലേഖന പരമ്പര തുടരുന്നതാണ്. ഇതിനെ സംബന്ധിച്ച എല്ലാ ചോദ്യങ്ങൾക്കും ലേഖന കർത്താവ് മറുപടി നൽകുന്നതാണ്.

(13-ാം പേജിൻെറ തുടർച്ച)

അതു മല്ലെങ്കിൽ മതവിഭാഗങ്ങളോ എന്നോ ആണ്. പക്ഷേ ഇതെല്ലാം ക്രിസ്തുവിൻെറ സഭയെ ബന്ധപ്പെടുത്തി നോക്കിയാൽ വെറും തെററാണ്. കർത്താവിൻെറ സഭ എന്നതു ഒരു ഭവനമാണ്. പക്ഷേ, ഭൗതികമായിട്ടുള്ള ഒരു ഭവനമോ, കെട്ടിടമോ അല്ലാ. എന്നാൽ അതൊരു ആത്മീക ഭവനമാണ്, ഒരു കുടുംബം എന്ന നിലയിൽ ഒരു ഭവനം. ആ കുടുംബത്തിൻെറ തല കർത്താവായ യേശുക്രിസ്തു; അതിലെ അംഗങ്ങളെല്ലാം ക്രിസ്തുവിൽ സഹോദരീസഹോദരന്മാരാണ്. പൌലോസ് തിമൊഥെയോസിനെഴുതിയത്, താമസിച്ചുപോയാലോ സത്യത്തിൻെറ തൂണും അടിസ്ഥാനവുമായ ജീവനുള്ള ദൈവത്തിൻെറ സഭയാകുന്ന ദൈവാലയത്തിൽ നടക്കേണ്ടതു എങ്ങനെയെന്ന് നീ അറിയേണ്ടതിനു ഇതു എഴുതുന്നു (1തിമൊ 3:15). എബ്രായ ലേഖകൻ പറഞ്ഞതു ഏതു ഭവനവും ചമെപ്പാൻ ഒരാൾ വേണം. സർവ്വവും ചമെച്ചവൻ ദൈവം തന്നേ: (എബ്രായർ 3:4). എന്നിട്ടവൻ തുടർന്നു പറഞ്ഞു; ക്രിസ്തുവോ അവൻെറ ഭവനത്തിനു അധികാരിയായ പുത്രനായിട്ടു തന്നേ; പ്രത്യാശയുടെ ധൈര്യവും പ്രശംസയും നാം അവസാനത്തോളം മുറുകെപ്പിടിച്ചു കൊണ്ടാൽ നാം തന്നേ അവൻെറ ഭവനം ആകുന്നു. (എബ്രാ: 3:6)

കർത്താവിൻെറ സഭ എന്നതു ഒരു ശരീരമാണ്. അവൻെറ ശരീരത്തിലെ അവയവങ്ങളാണ് നാം ഓരോരുത്തരും. പൌലോസു പറയുന്നു, 'നിങ്ങളെ വിളിച്ചപ്പോൾ ഏക പ്രത്യാശക്കായി നിങ്ങളെ വിളിച്ചതുപോലെ ശരീരം ഒന്ന്. (എഫെസ്യർ 4:4) കൊരിന്ത്യയിലുള്ള ക്രിസ്ത്യാനികളോടു അവർ ഓരോരുത്തരും വിശുദ്ധമായിട്ടിരിക്കുവാൻ വേണ്ടി സംസാരിക്കുമ്പോൾ പൌലോസ് പറഞ്ഞതു 'നിങ്ങളുടെ ശരീരങ്ങൾ ക്രിസ്തുവിൻെറ അവയവങ്ങൾ ആകുന്നു എന്നു അറിയുന്നില്ലയോ? ക്രിസ്തുവിൻെറ അവയവങ്ങളെ ഞാൻ എടുത്തു വേശ്യയുടെ അവയവങ്ങൾ ആക്കാമോ? ഒരു നാളും അരുതു (1കൊരിന്ത്യർ 6:15) പൌലോസ് വീണ്ടും കൊരിന്ത്യയിലുള്ള ക്രിസ്ത്യാനികളോടു പറഞ്ഞതു: ശരീരം ഒന്ന്, അതിൻെറ അവയവം പലതും. ശരീരത്തിൻെറ അവയവം പലതായിരിക്കെ എല്ലാം ഒരു ശരീരവും ആയിരിക്കുന്നതുപോലെ ആകുന്നു ക്രിസ്തുവും. പക്ഷേ നമുക്ക് ആ ഏക ശരീരത്തിൽ എങ്ങനെ കടക്കാൻ കഴിയും? 1 കൊരിന്ത്യർ 12:13-ൽ പൌലോസു പറയുന്നു: നാം എല്ലാവരും ഏക ശരീരമാകുമാറു ഒരേ ആത്മാവിൽ സ്നാനം ഏററിരിക്കുന്നു. എന്നാൽ ആ ഏകശരീരം എന്താകുന്നു? വീണ്ടും പൌലോസ് കൊലോസ്യർക്കെഴുതിയ ലേഖനം 1:18-ൽ പറയുന്നു: ആ ശരീരം എന്നതു സഭ ആകുന്നു. ക്രിസ്തുവിനെപററി പൌലോസ് പറയുന്നതു കേൾക്കൂ: അവനാകുന്നു ആ ശരീരത്തിൻെറ അഥവാ സഭയുടെ തല. എല്ലാററിൻേറയും ആരംഭവും, മരിച്ചവരിൽ നിന്നും ആദ്യം ഉയിർ

ഉയിർത്തെഴുന്നേല്പിക്കപ്പെട്ടവനമായ നമ്മുടെ കർത്താവായ യേശുക്രിസ്തു തന്നെ. പൌലോസ് പറയുന്നു: ശരീരം എന്നതു സഭയാണ്, ഏതു സഭ? ക്രിസ്തുവിൻെറ സഭ. ക്രിസ്തു ശരീരത്തിൻെറ രക്ഷിതാവായി സഭയ്ക്കു തലയാകുന്നു [എഫെസ്യർ 5:23].

പക്ഷെ, എന്നുമുതലാണ് സഭയ്ക്കു ആരംഭം ഉണ്ടായതു? പഴയ നിയമത്തിൽ നോക്കിയാൽ നാം ഇസ്രായേൽ രാജ്യത്തെക്കുറിച്ച് വായിക്കുന്നു അവർ അക്കാലത്ത് ദൈവത്തിൻെറ ജനമായി അറിയപ്പെട്ടിരുന്നു. ആ രാജ്യത്വം ഭൗതികവും ഒരുകാലത്തു അതുഅവസാനിക്കുന്നതുമായിരുന്നു. പിന്നീടു നാം പലരുടെയും പ്രവചനപുസ്തകങ്ങൾ ബൈബിളിൽ കാണുന്നു. യെശയ്യാവ് 2:2, യോവേൽ 2:28, 29: ദാനിയേൽ 2:44 ഈ പ്രവചന പുസ്തകങ്ങളിലൊക്കെയും പറയുന്നതു എങ്ങനെയാണ് യെരുശലേമിൽ രാജ്യത്വം സ്ഥാപിക്കുന്നതെന്നും, രാജ്യം വരുന്നത് ദൈവത്തിൻെറ ആത്മാവോടെയും, ആ രാജ്യത്വം ലോകമെമ്പാടും വ്യാപിക്കുകയും, അത് എന്നേക്കും നിലനില്ക്കുകയും ചെയ്യുമെന്നാണ്. ആ രാജ്യം ആത്മിക സ്വഭാവമുള്ളതായിരിക്കും. പിന്നീട് സ്നാപകയോഹന്നാൻ കർത്താവിന് വഴി ഒരുക്കുവാൻവേണ്ടി പ്രസംഗിച്ചപ്പോൾ, ജനങ്ങളോടു പറഞ്ഞതെന്തെന്നാൽ: സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കയാൽ മാനസാന്തരപ്പെടുവിൻ (മത്താ: 3:2). ക്രിസ്തുവും പ്രസംഗിച്ചതു രാജ്യത്തെപ്പററിയായിരുന്നു, ആ രാജ്യം വരുമെന്നും അതു അടുത്തിരിക്കുന്നുവെന്നും, ആ രാജ്യം വേഗം സ്ഥാപിക്കപ്പെടുമെന്നുമായിരുന്നു. അവനെ സംബന്ധിച്ചു നാം വായിക്കുന്നതു, പിന്നെ യേശു ഗലീലയിൽ ഒക്കെയും ചുററി സഞ്ചരിച്ചു കൊണ്ടു അവരുടെ പള്ളികളിൽ ഉപദേശിക്കയും രാജ്യത്തിൻെറ സുവിശേഷം പ്രസംഗിക്കുകയും ജനത്തിലുള്ള സകലദീനത്തെയും വ്യാധിയെയും സൗഖ്യമാക്കുകയും ചെയ്തു. (മത്താ. 4:23) ഈ രാജ്യം എന്നതു ദൈവത്തിൻെറ രാജ്യമാണ് (മത്താ: 6:33). സ്വർഗ്ഗരാജ്യമാണ് (മത്താ:16:19) അതായതു ആ രാജ്യം ദൈവത്തിൽ നിന്നുമുള്ളതും അതു സ്വർഗ്ഗത്തിൽ നിന്നും വരുന്നതുമാണ്.

എന്താണ് ആ രാജ്യം സ്ഥാപിക്കപ്പെടുമെന്ന് പറഞ്ഞത്? പത്രോസും ശേഷം ശിഷ്യന്മാരും അവനെ ജീവനുള്ള ദൈവത്തിൻെറ പുത്രനായ ക്രിസ്തുഎന്ന് ഏററുപറഞ്ഞപ്പോൾ (മത്താ:16:16) യേശുക്രിസ്തു പറഞ്ഞു: നീ പത്രോസ് ആകുന്നു ഈ പാറമേൽ ഞാൻ എൻെറ സഭയെ പണിയും, പാതാളഗോപുരങ്ങൾ അതിനെ ജയിക്കയില്ല (മത്ത. 16:18). ക്രിസ്തു സ്വർഗ്ഗത്തെക്കുറിച്ചാണ് സംസാരിച്ചതു, എങ്കിൽ സഭ എന്നതു രാജ്യമാണെന്നും, അല്ലെങ്കിൽ രാജ്യം എന്നത് സഭയാണ് എന്നും പറയുന്നത് എങ്ങനെ?

സഭ സ്ഥാപിക്കപ്പെട്ടതിനുശേഷവും അതിനെ ദൈവത്തിൻെറ രാജ്യമാണ് എന്നും ചൂണ്ടിക്കാണിക്കുന്നു. ഉദാഹരണത്തിന് നാം

അപ്പൊസ്തല പ്രവർത്തികളിൽ 19:18–ൽ പൌലോസിന്റെ പ്രസംഗത്തെപ്പററി വായിക്കുന്നു, അന്യായം ചെയ്യുന്നവർ ദൈവരാജ്യം അവകാശമാക്കയില്ലഎന്ന്. അതു ക്രിസ്തു രാജ്യമെന്നുംഎഫേ5:5ൽ പറയുന്നു. കൊലോസ്സ്യയിലുള്ള ക്രിസ്ത്യാനികളോടു പൌലോസ് സംസാരിക്കുമ്പോൾ പറഞ്ഞത്, നമ്മെ ഇരുട്ടിന്റെ അധികാരത്തിൽ നിന്നു വിടുവിച്ചും തന്റെ സ്നേഹസ്വരൂപനായ പുത്രന്റെ രാജ്യത്തിലാക്കിവെക്കുകയും ചെയ്ത പിതാവിനു സന്തോഷത്തോടെ സ്തോത്രം ചെയ്യണം (കൊലൊ. 1:13). ഇതിന്റെയും അർത്ഥം രാജ്യം എന്നതു സഭ ആകുന്നു.

ഒരു രാജ്യത്തെ രാജ്യം എന്ന് പറയുവാൻ കാരണം, അതിന് ഒരു രാജാവുണ്ടായിരിക്കും. കർത്താവിന്റെ രാജ്യത്തിൽ അഥവാ സഭയിൽ ഇതെല്ലാം ഉണ്ട്. ക്രിസ്തുവാണ് രാജാവ് ക്രിസ്ത്യാനികളാണ് പ്രജകൾ, ലോകമാണ് അതിർത്തി, അതിന്റെ നിയമം പുതിയനിയമം.

യോഹന്നാൻ 3:3–5–വരെയുള്ള വാക്യങ്ങളിൽ ക്രിസ്തു പഠിപ്പിക്കുന്നത് "വെള്ളത്താലും ആത്മാവിനാലും ജനിച്ചില്ലായെങ്കിൽ ദൈവരാജ്യത്തിൽ കടപ്പാൻ ആർക്കും കഴിയുകയില്ല" നമുക്ക് എങ്ങനെ ദൈവത്തിന്റെ രാജ്യത്തിൽ അല്ലെങ്കിൽ സഭയിൽ അംഗങ്ങളാകാമെന്ന് ആത്മാവിന്റെ വചനം നമുക്ക് പറഞ്ഞു തരുന്നു. ഇവിടെ ഈ വീണ്ടും ജനനത്തിൽ ജലം ഉൾപ്പെടും. നമ്മൾ നേരത്തെ കണ്ടതുപോലെ, ഒരുവൻ ക്രിസ്തുവിൽ അല്ലെങ്കിൽ സഭയിൽ ആയിതീരുന്നതു സ്നാനത്തിൽ കൂടിയാണ് (1 കൊരി 12:13).

എങ്ങനെയാകുന്നു സഭ നിലവിൽ വന്നത്? നാം അപ്പൊസ്തല (പ്രവർത്തി 2–ാം അദ്ധ്യായം) വായിക്കുമ്പോൾ മനസ്സിലാക്കാം. സഭ എന്നതു യാദൃച്ഛികമായി ഉണ്ടായതല്ല. വാസ്തവത്തിൽ ക്രിസ്തു ക്രൂശിൽ മരിക്കുകയും അടക്കപ്പെടുകയും കല്ലറയിൽ നിന്നും ഉയർത്തെഴുന്നേല്ക്കുകയും ചെയ്തു. ലോകത്തിൽ നിന്നും സ്വർഗ്ഗസ്ഥനായ പിതാവിന്റെ അടുക്കലേയ്ക്കു പോകുന്നതിന് തൊട്ടു മുമ്പു അവൻ അപ്പൊസ്തലപ്രവർത്തി 1:8–ൽ അപ്പൊസ്തലന്മാരോടു പറഞ്ഞത് എന്നാൽ പരിശുദ്ധാത്മാവു നിങ്ങളുടെ മേൽ വരുമ്പോൾ നിങ്ങൾ ശക്തി ലഭിച്ചിട്ടു യെരുശലേമിലും യെഹൂദ്യയിൽ എല്ലാടത്തും ശമര്യയിലും ഭൂമിയുടെ അററത്തോളവും എന്റെ സാക്ഷികൾ ആകും എന്നു പറഞ്ഞു. നാം അപ്പൊസ്തലപ്രവർത്തി 2:1 വായിച്ചാൽ, "പെന്തെക്കൊസ്തു നാൾ വന്നപ്പോൾ എല്ലാവരും ഒരു സ്ഥലത്തു ഒന്നിച്ചു കൂടിയിരുന്നു. പെട്ടെന്ന് കൊടിയ കാററടിക്കുന്നതുപോലെ ആകാശത്തു നിന്നും ഒരു മുഴക്കം ഉണ്ടായി. അവർ ഇരുന്നിരുന്ന വീടു മുഴുവനും നിറച്ചു അഗ്നിജ്വാല പോലെ പിളർന്നിരിക്കുന്ന നാവുകൾ അവർക്ക് പ്രത്യക്ഷമായി. അവരിൽ ഓരോരുത്തന്റെ മേൽ പതിഞ്ഞു. എല്ലാ

വരും പരിശുദ്ധാത്മാവു നിറഞ്ഞവരായി ആത്മാവു അവർക്കു ഉച്ചരിപ്പാൻ നല്കിയതുപോലെ അന്യ ഭാഷകളിൽ സംസാരിച്ചു തുടങ്ങി." (പ്രവൃ.2:1–4) ആ അദ്ധ്യായം തുടർന്നു വായിച്ചാൽ മനസ്സിലാകും: അപ്പൊസ്തലന്മാർ താന്താന്റെ ഭാഷകളിൽ സംസാരിക്കയും, ക്രിസ്തുവിനെയും സുവിശേഷത്തെയും പററി പ്രസംഗിക്കുകയും ചെയ്തുവെന്നും, അതിന്റെ ഫലമായി മൂവായിരം പേർ വിശ്വസിച്ചു, മനസാന്തരപ്പെട്ടു, പാപങ്ങളുടെ മോചനത്തിനായി യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനമേററു, പരിശുദ്ധാത്മാവിന്റെ ദാനം ലഭിക്കുകയും ചെയ്തു. പ്രവൃ 2:47-ൽ പറയുന്നു. "കർത്താവു രക്ഷിക്കപ്പെടുന്നവരെ ദിനംപ്രതി സഭയോടു ചേർത്തുകൊണ്ടിരുന്നു."

അതു അപ്പൊസ്തല പ്രവൃത്തി വായിക്കുമ്പോൾ, മനസ്സിലാക്കാം, സുവിശേഷം പ്രസംഗിക്കുകയും, കൂടുതൽ പേർ കർത്താവിനെ അനുസരിക്കുകയും, വലിയ പട്ടണങ്ങളിൽ കർത്താവിന്റെ പ്രാദേശിക സഭ നിലവിൽ വരികയും, അങ്ങനെ അധികം താമസിയാതെ ക്രിസ്തുവിന്റെ സുവിശേഷം ലോകം എമ്പാടും പരക്കുകയും ചെയ്തുവെന്നു കാണാം.

ആരാണ് സഭയെ സ്ഥാപിച്ചതു? ക്രിസ്തു തന്നെ. അതായതു അപ്പൊസ്തലന്മാരാലും സുവിശേഷ പ്രസംഗകരാലുമാണ്. എത്ര സഭ അവൻ പണിതു അല്ലെങ്കിൽ സ്ഥാപിച്ചു? ആകെ ഒന്ന്. അനേകം പ്രാദേശിക സഭകൾ ഉണ്ടായിരുന്നു. പക്ഷെ അവയെല്ലാം ഒരു ഒററ സഭയുടെ പകർപ്പായിരുന്നു. അതു ആരുടെ സഭയാകുന്നു? അതു ക്രിസ്തുവിന്റെ സഭ. സഭയ്ക്കു പ്രാധാന്യം ഉണ്ടോ? ക്രിസ്തു സഭയ്ക്കുവേണ്ടി രക്തം ചിന്തി (എഫെ 20:28). എന്നിട്ട് അവനാണ് അതിന്റെ രക്ഷകൻ (പ്രവൃ.5:23). എന്താകുന്നു സഭയുടെ അടിസ്ഥാനം? ക്രിസ്തു തന്നെ, ഉറപ്പുള്ളതായ അടിസ്ഥാനം (മത്താ:16:18)r (കൊരി3:11). അതു ഏതു പേരാണ് ധരിച്ചത്? യേശു ക്രിസ്തു എന്ന നാമം (പ്രവൃ.4:12). അതിനെ ക്രിസ്തുവിന്റെ ശരീരം അല്ലെങ്കിൽ ക്രിസ്തുവിന്റെ സഭ എന്നു വിളിച്ചു (കൊരി12:27). അനേകം പ്രാദേശിക സഭകളെ ക്രിസ്തുവിന്റെ സഭകൾ എന്നു പറയുന്നുണ്ടു.(റോമ:16:16). അതിലെ അംഗങ്ങളെ ക്രിസ്ത്യാനികൾ എന്നു വിളിച്ചു (പ്രവൃ.11:26) (പത്രൊ4:16). അപ്പോൾ നാം ഓരോരുത്തരും ക്രിസ്തുവിന്റെ സഭയുടെ അംഗങ്ങൾ ആകാമോ? ക്രിസ്തുവാണ് അതിന്റെ രക്ഷകൻ എന്നും, (എഫെ.5:23) അതിന്റെ അർത്ഥം നാം എല്ലാവരും രക്ഷിക്കപ്പെടുകയും അതിലെ അംഗങ്ങളായി തീരുകയും വേണമെന്നാണ് വേദപുസ്തകം നമ്മെ പഠിപ്പിക്കുന്നത്.

(6-ാം പേജിന്റെ തുടർച്ച)

വേലക്കാരൻ തന്റെ കൂലിക്ക് യോഗ്യനാണ്. അതിന്റെ അർത്ഥം ഒരു സുവിശേഷകൻ തന്റെ സമയം പൂർണ്ണമായി ഉപയോഗിക്കുമ്പോൾ, അയാൾക്കു പ്രതിഫലം കിട്ടേണ്ടതു ആവശ്യമാണ്. (ലൂക്കോ. 10:7; 1 തിമൊ. 5:18). എന്നാൽ നിങ്ങൾ പ്രവർത്തിക്കുന്ന സ്ഥലത്തു സഭ ഇല്ലെങ്കിൽ എന്തുചെയ്യും? പരിവർത്തനം ചെയ്യപ്പെട്ട സ്വയം പര്യാപ്തതയുള്ള കുറേപേർ ഉണ്ടാകുംവരെ ആ പ്രവർത്തകർ മററുള്ളവരേയോ മററു സഭകളേയോ ആശ്രയിക്കണം. അല്ലെങ്കിൽ സ്വയമായി അദ്ധ്വാനിച്ച് ഉപജീവനം തേടി വേലചെയ്യേണ്ടതാകുന്നു. പൌലോസ് അപ്രകാരം ചെയ്ത മാതൃക നാം വായിക്കുന്നുണ്ട്. (1 കൊരി. 4:12). അപ്പോൾ നിങ്ങൾക്ക് എന്തുകൊണ്ട് ആയിക്കൂടാ? ആ ഒരു തോന്നൽ ഇല്ലെങ്കിൽ നിങ്ങൾ ഒരു സുവിശേഷക്കാരനാവാൻ യോഗ്യനല്ല എന്നതാണ് യാഥാർത്ഥ്യം.

പ്രാദേശികസഭയിലെ ധാരാളം ആളുകൾ തങ്ങളുടെ ഉപദേഷ്ടാക്കന്മാരെ നോക്കുമ്പോൾ നിരാശരായി തീരും. ഒരു സ്കൂൾ അദ്ധ്യാപകൻ, കണക്കെഴുത്തുകാരൻ, ഒരു ഗവൺമെന്റുദ്യോഗസ്ഥൻ എന്നീ നിലയിലാണ് ഈ സുവിശേഷകരെ ആളുകൾ വീക്ഷിക്കുന്നത്. വേറൊരു രീതിയിൽ നോക്കിയാൽ ഒരു ഉപജീവനത്തിനുവേണ്ടിയുള്ള തൊഴിൽ എന്ന ഒരു മനോഭാവത്തിലാണ് അവർ. ഭൗതികമായ പല പ്രലോഭനങ്ങളും നടത്തി ആളുകളെ കൂട്ടുവാനും തങ്ങളുടെ പ്രവൃത്തികൾ മററുള്ളവരെ കാണിക്കുവാനും വെമ്പൽകൊള്ളുന്ന സുവിശേഷകരും ഇന്ന് സമൂഹത്തിൽ ഉണ്ട്. ദൈവത്തിനു ലജ്ജാകരമാണ് ഇവരുടെ പ്രവർത്തികൾ.

വളരെ കൂടുതൽ പറയുവാനുണ്ടെങ്കിലും ഏതാനും നിർദ്ദേശങ്ങൾ സുവിശേഷകന്മാരോടും ഉപദേഷ്ടാക്കന്മാരാകുവാൻ ജിജ്ഞാസുക്കളായവരോടും ചുരുക്കമായി നല്കുവാൻ താല്പര്യപ്പെടുന്നു.

1 ക്രിസ്തുവിനെ അനുസരിച്ച് ബൈബിളിൽ വായിക്കുന്ന ക്രിസ്തുവിന്റെ സഭയിൽ അംഗമായി തീരുക.

2 നിങ്ങൾ ക്രിസ്ത്യാനിയാണെന്നു ജീവിതത്തിൽ തെളിയിക്കുക. കപട വിശ്വാസി ആകാതിരിക്കുക.

3 ദിവസവും ബൈബിൾ പഠിക്കുക. കൂടുതൽ ജ്ഞാനം സമ്പാദിക്കുന്നതിനു ബൈബിൾ കോഴ്സുകൾ പഠിക്കുക. ക്രിസ്ത്യൻ ലൈബ്രറികളിൽ പോയി കിട്ടാവുന്ന പുസ്തകങ്ങൾ വായിക്കുക. പ്രായമുള്ള ക്രിസ്ത്യാനികളോടു ചേർന്നു പഠിക്കുക. അതേസമയം ഭൗതികമായ നല്ല വിദ്യാഭ്യാസം കൂടെ ആവശ്യമാണ്.

4 വ്യക്തിപരമായി സുഹൃത്തുക്കളോടും പരിചയക്കാരോടും ക്രിസ്ത്യാനികളായിത്തീരുന്നതെങ്ങനെയെന്ന് സംസാരിക്കുക.

5 പരസ്യമായി മറ്റുള്ളവരോടു സംസാരിക്കുവാൻ നിങ്ങൾക്കു കിട്ടുന്ന അവസരം ശരിയായി ഉപയോഗിക്കുക, പ്രാർത്ഥനയോടെ, താഴ്മയോടെ, എരിവോടെ, സത്യം മാത്രം സംസാരിക്കുക.

6 വിവാഹം കഴിക്കുമ്പോൾ, ഒരു ക്രിസ്ത്യാനിയെ മാത്രം വിവാഹം കഴിക്കുക. നിങ്ങൾക്ക് അവളുടെ സഹായം ആവശ്യമാണ്: ഒരു ക്രിസ്തീയ കുടുംബവും വീടും നിങ്ങൾക്കാവശ്യമാണ്.

7 പണത്തിനായി പ്രസംഗിക്കാതിരിക്കുക. പക്ഷേ ക്രിസ്ത്യാനിയായതു കൊണ്ടും ദൈവത്തെയും ആത്മാക്കളെയും സ്നേഹിക്ക കൊണ്ടും പ്രസംഗിക്കുക.

8 സഭയിൽ നിന്നും നിങ്ങൾക്കു സാമ്പത്തിക സഹായം ലഭിക്കുന്നില്ലെങ്കിൽ അദ്ധ്വാനിച്ച് ഉപജീവനമാർഗ്ഗം തേടി കുടുംബത്തെ പോറ്റുകയും പ്രവർത്തിച്ച് ഒരു ഇടവകയെ വളർത്തി സ്വയം പര്യാപ്തതയിലേയ്ക്ക് നയിച്ച് അവരുടെ സഹായം സ്വീകരിക്കാവുന്നതാണ്.

9 എല്ലായ്പോഴും ആത്മാർത്ഥതയോടെ സത്യം പ്രസംഗിക്കുക. ഒരിക്കലും മാറുകയോ വിട്ടുവീഴ്ച ചെയ്യുകയോ അരുത്. എന്തു തന്നെയായാലും ആ ഒരു ഉറപ്പ് വിട്ടുകളയരുത്.

ഇപ്പോൾ യേശുക്രിസ്തുവിന്റെ ജീവിത രൂപം മാതൃകയാക്കി തിരുവെഴുത്തിൽ വായിക്കുന്ന യഥാർത്ഥ സുവിശേഷകനാകാൻ നിങ്ങൾ തയ്യാറെടുക്കുന്നുവെങ്കിൽ നല്ലത്. ധാരാളം സുവിശേഷകരെ ഇന്ത്യയിൽ ആവശ്യമുണ്ട്. നന്മ സുവിശേഷിക്കുന്നവരുടെ കാൽ എത്ര മനോഹരം? അവരെ ദൈവം അനുഗ്രഹിയ്ക്കും.

# പിതാവിനാൽ നട്ടിട്ടില്ലാത്ത തൈ

മത്തായി 15:13-ൽ പറഞ്ഞിരിക്കുന്ന യേശുക്രിസ്തുവിന്റെ ഈ വാക്കുകൾ മാനുഷ കല്പനകളെയും പാരമ്പര്യങ്ങളെയുമാണു ചൂണ്ടിക്കാണിക്കുന്നത്. അതേ അദ്ധ്യായത്തിലെ 8, 9, വാക്യങ്ങളിൽ അവൻ പറഞ്ഞു "ഈ ജനം അധരം കൊണ്ടു എന്നെ ബഹുമാനിക്കുന്നു. എങ്കിലും അവരുടെ ഹൃദയം എന്നെ വിട്ടു അകന്നിരിക്കുന്നു. മാനുഷ കല്പനകളായ ഉപദേശങ്ങളെ അവർ പഠിപ്പി

ക്കുന്നതുകൊണ്ടു എന്നെ വ്യർത്ഥമായി ഭജിക്കുന്നു." അന്നു മതനേതാക്കന്മാരായ ശാസ്ത്രിമാരും പരീശന്മാരും അപ്രകാരമുള്ള കാര്യങ്ങളെ ദൈവ കല്പനകളായി പഠിപ്പിച്ചിരുന്നു. യഥാർത്ഥത്തിൽ അവ ദൈവ കല്പനകളായിരുന്നില്ല. അവയെല്ലാം മാനുഷ കല്പനകൾ മാത്രമായിരുന്നു. ദൈവം നട്ടിട്ടില്ലാത്തതും മനുഷ്യൻ നട്ടതുമായ തൈകളാണു മനുഷ്യൻ നിർമ്മിച്ച പാരമ്പര്യങ്ങളും സിദ്ധാന്തങ്ങളും. അപ്രകാരം നടുവാൻ അവൻ ആരെയും അധികാരപ്പെടുത്തിയിട്ടില്ല. അതിനാൽ അവ ദൈവത്താൽ നിരസിക്കപ്പെട്ടതായി ഇന്നും നിലനില്ക്കുന്നു. അവസാനത്തിൽ അവയെല്ലാം വേരോടെ പിഴുതെറിയപ്പെടും എന്ന താക്കീതോടുകൂടി ഇന്നും നില നിന്നു വരുന്നു. ഈ താക്കീത് അപ്രകാരം നട്ടിട്ടില്ലാത്ത ഓരോ തൈകൾക്കും ബാധകമാണ്. അതായത് മാനുഷ കല്പനകളും പഠനങ്ങളും സ്വീകരിച്ചിട്ടുള്ള ഓരോ സഭയ്ക്കും ഇത് ബാധകമാണ്. അവ ഒന്നുപോലും വേരോടെ നില നില്ക്കുകയില്ല തീർച്ചയാണ്.

നാം വിശ്വസിക്കുന്നതിനും പ്രവർത്തിക്കുന്നതിനും സ്വർഗ്ഗസ്ഥനായ പിതാവ് നമുക്കു നൽകിയിരിക്കുന്ന കാര്യങ്ങൾ ബൈബിളിലെ പുതിയ നിയമത്തിൽ വ്യക്തമായി എഴുതപ്പെട്ടിരിക്കുന്നു. നാം ക്രിസ്തുവിന്റെ പുതിയ നിയമത്തിൽ വസിക്കണമെന്നാണു ദൈവം നമ്മോടു ആജ്ഞാപിക്കുന്നത്. അതിനപ്പുറം പോകുന്നവൻ ദൈവത്തിൽ നിന്നും അവന്റെ പുത്രൻ ക്രിസ്തുവിൽ നിന്നും വേർപെട്ടു (നില്ക്കുന്നു വെന്നു) 2 യോഹ: 9 ൽ പറഞ്ഞിരിക്കുന്നു. യേശുവിനു സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും നൽകപ്പെട്ടിരിക്കുന്നു. (മത്താ:28:18). ക്രിസ്തു നമ്മെ പഠിപ്പിച്ച വചനത്താൽ നാം അന്ത്യനാളിൽ ന്യായം വിധിക്കപ്പെടുമെന്നു ഓർത്തു കൊള്ളുക (യോഹ: 12:48). മനുഷ്യ പഠനങ്ങളും കല്പനകളും വേരോടെ പിഴുതെറിയപ്പെടും. അവസാനം അവ നില നില്ക്കുകയില്ല.

ദൈവത്തിൽ നിന്നുള്ള ഈ മഹത്തായ താക്കീതുമനസിലാക്കിയിട്ട് ബൈബിൾ നമ്മെ പഠിപ്പിക്കുന്ന വെളിച്ചത്തിലും ദൈവം ഒരിക്കൽ ദൈവ ജനത്തിനു നൽകിയ വിശ്വാസത്തിലും ആണോ നാം എന്ന് നമുക്കു സ്വയം ആത്മശോധന ചെയ്യാം (2 കൊരി 13;5). വിശ്വാസം സഭാ വിഭാഗങ്ങളിലെ മനുഷ്യ പഠനങ്ങളുടെയും, കല്പനകളുടെയും അടിസ്ഥാനത്തിൽ ഉണ്ടാകേണ്ടതല്ല. വിശ്വാസം ദൈവ വചന കേൾവിയാൽ ഉണ്ടാകേണ്ടതാകുന്നു (റോമ: 10:17). കാര്യങ്ങൾ വിശ്വസിക്കുകയും അനുകരിക്കുകയും ചെയ്യുന്നത് ദൈവ വിശ്വാസങ്ങളെ പിൻതുടർന്നു കൊണ്ടാണോ അതോ മാനുഷ്യ കല്പനകളെ പിൻതുടർന്നു കൊണ്ടാണോ എന്നു നാം സ്വയം ചോദിക്കേണ്ട ആവശ്യം വന്നിരിക്കുന്നു. വ്യക്തികൾ മാത്രമല്ല സഭാവിഭാഗങ്ങളും

ഇതു പരിശോധിക്കേണ്ടി വന്നിരിക്കുന്നു. വെളിപ്പാട് 1, 2, 3 അദ്ധ്യായങ്ങളിൽ ദൈവം സഭകളെ കുറിച്ചുള്ള വിധി പറഞ്ഞപ്പോൾ ഏഷ്യയിലെ ഏഴു സഭകളിൽ അഞ്ചെണ്ണം തെററായ വഴിയിൽ ആണെന്നു കണ്ടു. പെട്ടെന്നു പശ്ചാത്തപിച്ചു മാറുന്നില്ലായെങ്കിൽ അവർ നശിച്ചു പോകുമെന്നു ദൈവം അവരോടു പറഞ്ഞു.

സ്വർഗ്ഗസ്ഥനായ പിതാവിൻെറ അംഗീകാരമില്ലാതെ നിലനില്ക്കുന്ന അനേക സഭകൾ ഇന്നു ലോകത്തിലുണ്ട്. ഉദാഹരണമായി ആരംഭത്തിൽ ദൈവം അവൻെറ പുത്രനിലൂടെ ഒരു സഭയെ സ്ഥാപിച്ചു. എൻെറ സഭയെന്നു പറഞ്ഞു കൊണ്ടു ക്രിസ്തു സഭയെ വേർതിരിച്ചു. (മത്താ: 16:18 അ: പ്ര 2: :47, എഫെ: 1:22;23) എന്നിരുന്നാലും ഇന്നു ലോകത്തിൽ നൂറു കണക്കിനു സഭകൾ നില നില്ക്കുന്നു. വിഭാഗീയ നാമങ്ങളാൽ അവ വേർതിരിക്കപ്പെടുന്നു. വ്യത്യസ്തമായ കാര്യങ്ങളിൽ അവർ വിശ്വസിക്കുന്നു. വ്യത്യസ്തമായ ആരാധനകൾ അവർ നടത്തുന്നു. നിങ്ങളുടെ കൈകളിൽ ഇരിക്കുന്ന ബൈബിളുകളിൽ അവയെല്ലാം നിങ്ങൾക്കു വായിക്കുവാൻ കഴിയുമോ? സ്വർഗ്ഗസ്ഥനായ പിതാവല്ല അവയുടെ രചയിതാവ്. അതാണു അവയുടെ വ്യത്യാസത്തിനുള്ള കാരണം. അവൻ ഒരിക്കലും അവയെ നട്ടിട്ടില്ല. എന്തുകൊണ്ടെന്നാൽ അവൻ അപ്രകാരം ചെയ്തിരുന്നുവെങ്കിൽ തീർച്ചയായും അവയെബൈബിളിൽ വെളിപ്പെടുത്തുമായിരുന്നു. അവൻെറ അധികാരം കൂടാതെ അവർ നിലനില്ക്കുന്നു. അവർ കാഴ്ചയിൽ നല്ലവരായിരിക്കാം, വലുതായിരിക്കാം, സമ്പത്തുള്ളവരായിരിക്കാം, വലിയ മതാനുഷ്ഠാനികളായി പ്രത്യക്ഷപെടുകപോലും ചെയ്തേക്കാം. എന്നാൽ സ്വർഗ്ഗസ്ഥനായ പിതാവ് ഒരിക്കലും അവയെ നട്ടിട്ടില്ല. അതുകൊണ്ടു അവൻെറ ഇഷ്ടത്തിനു എതിരായി അവർ നില കൊള്ളുന്നു. അവൻെറ മുമ്പിൽ ഇന്നും അവർ നിരസിക്കപ്പെട്ടവരാണ്. നമുക്കു അവരോടു തന്നെ ചോദിക്കാം. സ്നാനത്തിനായി വെള്ളം ഒഴിക്കുന്നതിനോ തളിക്കുന്നതിനോ ബൈബിളിൽ സ്വർഗ്ഗസ്ഥപിതാവ് അവരെ അധികാരപ്പെടുത്തിയോ? ഇല്ല. ആരുടെ അധികാരത്താൽ മനുഷ്യൻ ഇന്നു അച്ചൻ, പാതിരി, റെവറണ്ട്, പോപ്പ് തുടങ്ങിയ നാമധേയങ്ങളിൽ വിളിക്കപ്പെടുവാൻ ആഗ്രഹിക്കുന്നു? തീർച്ചയായും അവ ദൈവത്തിൻെറ അധികാരത്താലല്ല (മത്താ: 23:9:12) ജനങ്ങളെ ക്രിസ്തുവിൻെറ സിദ്ധാന്തങ്ങളിൽ നിന്നും അകററി മാനുഷിക പഠനങ്ങളും കല്പനകളും ദൈവികമാണെന്നു അവരെ കൊണ്ടു വിശ്വസിപ്പിച്ചു. ദൈവത്തിനെതിരായി അവർ പ്രവർത്തിക്കുന്നുവെന്നു ഇപ്രകാരമുള്ള അനേകമനേകം ഉദാഹരണങ്ങൾ കൊണ്ടു സമർത്ഥിക്കുവാൻ കഴിയും.

കൊലൊസ്സ്യർ: 3:17 ൽ പറയുന്നു "വാക്കിനാലോ ക്രിയ

യാലോ എന്തു ചെയ്താലും സകലവും കർത്താവായ യേശുവിന്റെ നാമത്തിൽ ചെയ്തു. അവൻ മുഖാന്തിരം പിതാവായ ദൈവത്തിനു സ്തോത്രം പറഞ്ഞു കൊണ്ടിരിപ്പിൻ". ഇതു അർത്ഥമാക്കുന്നത് നാം എല്ലാ കാര്യങ്ങളും ക്രിസ്തുവിന്റെ അധികാരത്തിൽ ചെയ്യണമെന്നാണ്. സ്വർഗ്ഗസ്ഥനായ പിതാവ് നട്ടിട്ടില്ലാത്ത അല്ലെങ്കിൽ പുതിയ നിയമത്തിൽ അധികാരപ്പെടുത്തിയിട്ടില്ലാത്ത സിദ്ധാന്തങ്ങളിലും പഠനങ്ങളിലും നാം ആശ്രയിക്കാതിരിക്കുക. എന്തുകൊണ്ടെന്നാൽ അവസാനത്തിൽ അവയെല്ലാം വേരോടെ പിഴുതെറിയപ്പെടും.

# ആശുപത്രി

**കെ. ആർ. ബോസ്**

പിടയുന്നു ഞരങ്ങുന്നു....
ഖിന്നൻ—
പാതി മയക്കത്തിൽ നിന്നും
ഞെട്ടി ചിന്തിച്ചു
ഹാ എത്ര മനോഹരമായിരുന്നു
തൻ മിത്രങ്ങൾ കാണിച്ചു തന്നു
വിണ്ണിൽ സ്വർഗ്ഗം.
ഞാനേതോ പണ്ഡിതന്റെ
ലിഖിതത്തിൽ വായിച്ചിരുന്നു
ഖീണിതല്ലോ കിടക്കുന്നു ധരണിയിൽ (ആശുപത്രി)
ഹാ ഹന്ത പുഷ്പമേ
എന്നു ചൊൽവൂ യെൻമനം
അപ്പുറത്തെ സെല്ലിൽ നിന്നും
മാപ്പിരക്കുന്നു തൻ പാപത്തിൻ പുമഴിൻ
ക്രൂശിലെ വലത്തെ കള്ളൻ
ബെഡ്ഡിനരികിൽ ഏതോ? ആ
മഹത്ഗുരുവിൻ ശിഷ്യൻ
സമ്മാനിച്ചതായിരുന്നു
അന്വേഷിപ്പൂ ഞാനീ നിമിഷത്തിൽ
ക്രൂശിതന്റെ ഹൃദയം
കുമ്പിട്ടു നില്പൂ
തൻ നേത്രത്തിൽ കണ്ണുനീരാൽ
തണുക്കട്ടെ തൻ ആത്മാവ്.

YOUR ATTENTION PLEASE !

# Radio Srilanka Broadcasts

ENGLISH—*The Voice of Truth*—Speakers: Reggie Gnanasundaram and J. C Choate.

All correspondence should be sent to The Voice of Truth. Post Box 3815, New Delhi-110049

Mondays—9 : 00 to 9 : 15 P M.
Fridays— 7 : 45 to 8 : 00 P M.

HINDI — *Satya Susamachar*—Speaker : Sunny David.

All correspondence should be sent to Satya-Susamachar, Post Box 3815, New Delhi-110049.

Tuesdays—9 : 00 to 9 : 15 P,M.
Thursdays—9 : 00 to 9 : 15 P.M.
Fridays —9 : 00 to 9 : 15 P.M.
Sundays—12 : 45 to 1 : 00 P.M.

TELUGU—*The Voice of Truth*—Speaker : Joshua Gootam

All correspondence should be sent to The Voice of Truth. Post Box 60, Kakinada-533001.

Sundays— 2 : 30 to 2 : 45 P.M.
Tuesdays 2 : 30 to 2 : 45 P.M.
Thursdays—2 : 30 to 2 : 45 P.M.
Fridays—2 : 30 to 2 : 45 P.M.
Saturdays—2 : 30 to 2 : 45 P.M.

TAMIL—*"The Way of Truth"*—Speaker : P. R. Swamy.

All correspondence should be sent to The Way of Truth Post Box 8405, Bangalore-560084.

Tuesdays—5 : 30 to 5 : 45 P.M.
Thursdays—6 : 45 to 7 : 00 P.M.
Sundays—6 : 45 to 7 : 00 P.M.

MALAYALAM—The Voice of Truth—Speaker : P. K. Varghese

All correspondence should be sent to Church of Christ Trivandrum-34, Kerala.

Tuesdays—3 : 45 : 4 ; 00 P.M.
Fridays— 3 : 45 to 4 : 00 P.M.

## ALL ARE ENCOURAGED TO LISTEN

Bible Correspondence Courses and Christian Literature are available in these different languages from the addresess listed. Also the radio sermons are available in book form.

---

Edited, Printed and Published by P. K. Varghese Church of Christ Trivandrum, Printed at P.P (Pvt.) Press for Santhosh Printers Trivandrum.

Reg: No. K. Dis 90095/ 86/ A8, Regd. No. KL/TV (N) 22

* You are Cordially Invited *
To Attend

Services and Bible studies

Sunday 10 a m.
Tuesday 6.30 p. m.

Meeting place

CHURCH OF CHRIST BUILDING
Sunny Meads Lane
Behind Sanskrit College, palayam
Trivandrum - 34

All correspondence should be send to the Editor Bible Truth, Church of Christ. Trivandrum-34, Kerala. South India.

From

THE BIBLE TRUTH
Church of Christ
Sunny Meads Lane
Trivandrum–34

To